

പുത്തൻകാവ് സെന്റ് തോമസ് യൂത്ത് ലീഗ് പുത്തൻകാവ് കൊച്ചുതിരുമേനിയുടെ സ്മരണയ്ക്കായി
പുത്തൻകാവ് കത്തീഡ്രലിനു മുന്നിൽ നിർമ്മിച്ച പൂന്തോട്ടം

# ചരിത്രത്തിൽ കൂടിയൊരു തീർത്ഥയാത്ര



റവ. ഫാ. രാജൻ വർഗീസ്,
വികാരി, സെന്റ് മേരീസ്
ഓർത്തഡോക്സ്
കത്തീഡ്രൽ പുത്തൻകാവ്

പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകയുടെ ചരിത്രസത്യത്തിൽക്കൂടിയുള്ള തീർത്ഥയാത്ര. സംഭവബഹുലങ്ങളാൽ 220 സംവത്സരങ്ങൾ പിന്നിട്ടുകൊണ്ട് കാലത്തിന്റെ വെല്ലുവിളികളെ കണക്കിലെടുക്കാതെ ആത്മീകമായും, ലൗകീകമായും പുരോഗതി പ്രാപിച്ച് ഈ നാടിന്റേയും, സഭയുടേയും അഭിമാനസ്തംഭമായി ഉയർന്നു പരിലസിക്കുന്ന ഈ ദേവാലയത്തിന്റെ പൂർവ്വചരിത്രത്തിലേക്ക് ഒരവലോകനം നടത്തുന്നത് ഈ സന്ദർഭത്തിൽ സമുചിതമായിരിക്കും എന്നു കരുതുന്നു. ഭൂതകാലത്തിന്റെ മൂടൽമഞ്ഞിലൂടെ ഓർമ്മകളുടെ പ്രകാശനാളം ചരിത്രസത്യങ്ങളിലേക്ക് ഊളിയിട്ടു കടന്നു ചെല്ലുമ്പോൾ ആദികാല റിക്കാർഡുകൾ പലതും ഇല്ലാതിരിക്കകൊണ്ട് ഇതിൽ പറയുന്ന കാര്യങ്ങൾ ഓർമ്മകളേയും, കേട്ടുകേൾവികളെയും അവലംബമായി അംഗീകരിക്കേണ്ടിയിരിക്കുന്നു. ആയതിനാൽ വിശ്വസനീയവും സത്യസന്ധവും എന്ന് തോന്നിയിട്ടുള്ള കാര്യങ്ങൾ മാത്രമെ ഇതിൽ ചേർക്കുവാൻ ശ്രമിച്ചിട്ടുള്ളു. പുരാതന ക്രിസ്ത്യൻ കേന്ദ്രങ്ങളായ നിരണം, കുറവിലങ്ങാട്, നിലയ്ക്കൽ എന്നീ ഭാഗങ്ങളിൽ നിന്നും ക്രിസ്ത്യാനികൾ ടിപ്പുവിന്റേയും പാണ്ടിപ്പടയുടേയും ഉപദ്രവം നിമിത്തം കടമ്പനാട്, കാഞ്ഞിരപ്പള്ളി, ചെങ്ങന്നൂർ എന്നീ സ്ഥലങ്ങളിലേക്ക് മാറിതാമസിക്കുകയുണ്ടാ





യി. ആ കാലയളവിൽ അങ്ങനെ വന്നവർ ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിയിൽ ചേർന്ന്, കൂദാശ കർമ്മങ്ങൾ അനുഷ്ഠിച്ചു വന്നു. പുത്തൻകാവ്, ആറാട്ടുപുഴ, മംഗലം, പാണ്ടനാട്, കുറിച്ചിമുട്ടം, മുളക്കുഴ, വെൺമണി, പുലിയൂർ, പേരിശ്ശേരി, നെല്ലിയ്ക്കൽ, കൂർത്തമല, ഇടനാട് എന്നിവിടങ്ങളിലായി നമ്മുടെ പൂർവ്വികർ ചിതറിപാർത്തുവസിച്ചിരുന്നു. എങ്കിലും വെള്ളപ്പൊക്ക കാലയളവിൽ ആരാധനയ്ക്കായി ചെങ്ങന്നൂരിൽ പോകുവാൻ വളരെയധികം ബുദ്ധിമുട്ട് അനുഭവിച്ചിരുന്നു എന്നതിനാൽ ചെങ്ങന്നൂരിന് കിഴക്കുള്ള ക്രിസ്ത്യൻ കുടുംബാംഗങ്ങൾ പുത്തൻകാവ് കേന്ദ്രമാക്കി ഒരു ആരാധനാലയം പണികഴിപ്പിക്കുന്നതിലേക്കായി സ്ഥലം കിട്ടണമെന്ന് ആഗ്രഹിച്ച് പ്രാർത്ഥിച്ചിരുന്നു.

പുത്തൻകാവ് കേന്ദ്രമാക്കി ആരാധനാലയം പണിയുന്നതിന് ആഗ്രഹം പ്രകടിപ്പിക്കുവാനുള്ള മുഖ്യകാരണം പുത്തൻകാവ് ഒരു വലിയ വിപണനകേന്ദ്രമായിരുന്നു എന്നതാണ്. ക്രിസ്ത്യാനികൾ താമസമാക്കുന്നതിന് മുമ്പുതന്നെ വ്യാപാരകേന്ദ്രം എന്നനിലയിൽ പമ്പാതീരത്തെ ഈ പ്രദേശത്തിന്റെ പ്രശസ്തി തിരുവിതാംകൂറിലെങ്ങും വ്യാപിച്ചിരുന്നു. കച്ചവടാഭിവൃദ്ധിക്കുവേണ്ടിയാണ് ക്രിസ്ത്യാനികൾ ഇവിടെ വന്ന് പാർക്കുവാൻ തുടങ്ങിയത്. ഇവിടത്തെ പൂർവ്വനിവാസികൾ ചെട്ടിപിള്ളമാർ ആയിരുന്നു. ക്രിസ്ത്യാനികളുടെ ആഗമനത്തോടുകൂടി ഇവർ ചെങ്ങന്നൂർ മഹാദേവ ക്ഷേത്ര പരിസരങ്ങളിലേക്കും മറ്റു പ്രദേശങ്ങളിലേക്കും മാറി താമസിക്കുകയുണ്ടായി. യാതൊരുവിധമായ കലഹങ്ങളോ, പീഢനങ്ങളോ ഇതിന്റെ പിന്നിൽ ഇല്ലായിരുന്നുവെന്നതിൽ നമുക്ക് അഭിമാനിക്കാം. അങ്ങനെ ക്രിസ്ത്യാനികൾ മാത്രം വസിക്കുന്ന ഒരു ഗ്രാമമായി പുത്തൻകാവ് പരിണമിക്കുകയാണ് ഉണ്ടായത്. ഇപ്പോൾ ഇവിടെ നിവസിച്ചുവരുന്ന എല്ലാ ആത്മീയ ജനങ്ങളുടെയും പൂർവ്വികന്മാർ ക്രൈസ്തവ കേന്ദ്രത്തിൽ നിന്നും വന്നവരാണെന്നുള്ളതിന് രണ്ടു പക്ഷമില്ല. ഇവർ ശാന്തശീലരും, നിശിതബുദ്ധികളും, നർമ്മരസികരും, കച്ചവടത്തോട് ആഭിമുഖ്യമുള്ളവരും ദൈവാശ്രയം ഉള്ളവരും ആയിരുന്നു.

പുത്തൻകാവിലും സമീപപ്രദേശങ്ങളിലും ഉള്ള ക്രിസ്ത്യാനികൾക്ക് കച്ചവടാഭിവൃദ്ധി ഉണ്ടായപ്പോൾ തങ്ങളുടെ ഗ്രാമത്തിൽ ഒരു ആരാധനാലയം നിർമ്മിക്കണമെന്നുള്ള ആഗ്രഹം അവർ അന്നത്തെ മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന ആറാം മാർത്തോമ്മ (വലിയ മാർ ദിവന്നാസിയോസ്) തിരുമനസ്സിനെ അറിയിച്ചു. ആറാം മാർത്തോമ്മാ തിരുമേനിക്ക് മലങ്കരസഭയുടെ ഒരു ആസ്ഥാനം നസ്രാണികൾ മാത്രം തിങ്ങിപാർക്കുന്ന ഒരു കേന്ദ്രത്തിൽ ഉണ്ടാവുന്നതു നല്ലതാണെന്നു ബോദ്ധ്യം വന്നു. അങ്ങനെയാണു പുത്തൻകാവ് പമ്പാനദിയ്ക്ക് സമീപമുള്ള മനോഹരമായ പുത്തൻകാലാകുന്ന് ദേവാലയപണിയ്ക്കായി തെരഞ്ഞെടുക്കുന്നതിനിടയായത്. ആദ്യത്തെ പുത്തൻകാവിലെ ആരാധനാ സ്ഥലം ഇപ്പോൾ നിൽക്കുന്ന വലിയ പള്ളിയുടെ തെക്കുഭാഗത്തായി ഉണ്ടായിരുന്ന പഴയ കെട്ടിടമായിരുന്നു. അതാണ് ആറാം മാർത്തോമ്മ ഇപ്പോഴുള്ള വലിയ പള്ളി പണിയുന്നതിനു മുൻപ് ആരാധനയ്ക്കായി ഉപയോഗിച്ചിരുന്നത്. പിൽക്കാലത്ത് അരമന എന്നറിയപ്പെട്ടിരുന്നത് ഈ കെട്ടിടത്തിന്റെ മുകളിലത്തെ തട്ട് ആയിരുന്നു. ഈ പുരയിടം അന്ന് ചെങ്ങന്നൂർ പുന്നരിട്ടമഠം വകയായിരുന്നു. പള്ളി പണിയ്ക്കായി ഈ സ്ഥലം പിതാക്കന്മാർ ആവശ്യപ്പെട്ടു എങ്കിലും അന്നത്തെ സാമൂഹികവ്യവസ്ഥിതി അനുസരിച്ച് ക്രിസ്ത്യാനികൾക്ക് സ്ഥലമോ, താമസ സൗകര്യമോ ലഭിക്കാൻ പ്രയാസമായിരുന്നു എന്നുള്ളതിനാൽ മഠം നമ്പൂതിരി ക്രൈസ്തവരുടെ ആഗ്രഹത്തെ നിഷേധിച്ചു. ഈ വിവരം അറിഞ്ഞ ആറാം മാർത്തോമ്മാ തിരുമനസ്സും മാത്തുതരകനും കൂടി തിരുവനന്തപുരത്തു പോയി മഹാരാജാവ് കാർത്തിക തിരുനാൾ രാമവർമ്മയെ മുഖം കാണിക്കുകയും ആരാധനാലയത്തിനായി പുത്തൻകാവ് പുത്തൻകാലാകുന്ന് ആവശ്യമാണെന്ന് ഉണർത്തിക്കുകയും ചെയ്തു. അതിന്റെ ഫലമായി തിരുമനസ്സ് കൽപ്പിച്ച് ഭൂമി ആധാരം നടത്തിത്തരികയാണ് ചെയ്തത്. അക്കാലത്ത് നമ്മുടെ പൂർവ്വികർ ഞായറാഴ്ച ദിവസങ്ങളിൽ ആരാധനയിൽ പങ്കെടുക്കുന്നതിനായി പുത്തൻകാവ് അരമനപള്ളിയുടെ മുറ്റത്തായി കൂടിവന്ന് ഭയഭക്തിപുരസ്സരം ആരാധനയിൽ പങ്കെടുക്കയും ആരാധനയ്ക്കുശേഷം പുരോഹിതൻ തട്ടിന്റെ മുകളിലുള്ള കിളിവാതിലിലൂടെ ജനങ്ങളെ ആശീർവദിക്കുകയും ഭക്തജനങ്ങൾ നേർച്ചകാഴ്ചകൾ സമർപ്പിച്ച് പിരിഞ്ഞുപോകുകയുമായിരുന്നു പതിവ്.

ഇങ്ങനെ ഒരു ആരാധനാലയം സ്വന്തമാക്കുന്നതിന്റെ മുൻപുള്ള കാലയളവിലാണ് രണ്ടാം മാർത്തോമ്മായുടെ ഭരണഘട്ടത്തിൽ "പുത്തൻകാവിന്റെ കാവൽപിതാവ്" എന്നറിയപ്പെടുന്ന അന്ത്രയോസ് ബാവാ 1678-ൽ പുത്തൻകാവ് അങ്ങാടിയിൽ വന്നതും ഒരു ക്രിസ്ത്യൻ ഭവനത്തിൽ പാർത്ത് പ്രേഷിത വേല നടത്തിയതും (1693 വരെ) അക്കാലത്ത് അധികവും നദികളിൽ കൂടിയുള്ള യാത്ര ആയിരുന്നതിനാൽ മതപീഡന സമയത്ത് ഇദ്ദേഹവും, സഹോദരൻ റമ്പാനും കൂടി വേഷപ്രച്ഛന്നരായി വള്ളത്തിൽ യാത്ര ചെയ്ത്



കച്ചവടകേന്ദ്രമായ പുത്തൻ കാവ് അങ്ങാടിയിൽ വന്നിറങ്ങി. അന്നത്തെ മുഖ്യ ഗതാഗതം ജലമാർഗ്ഗത്തിൽ കൂടി ആയിരുന്നു. പമ്പാനദി തിരുവിതാംകൂറിലെ ജലഗതാഗതത്തിനു പ്രധാന പങ്കു വഹിച്ചിരുന്നു. എന്നാൽ പുത്തൻകാവിനു അടുത്തുള്ള അത്തിമൂട്കയം ജലഗതാഗതം നടത്തിയിരുന്നവർക്ക് പേടിസ്വപ്നമായിരുന്നു. അതിനാൽ ജലഗതാഗതക്കാരും, വ്യാപാരികളും പമ്പാനദിയിലുള്ള അത്തിമൂടുകയത്തിന് പടിഞ്ഞാറുള്ള പുത്തൻകാവ് അങ്ങാടിയിൽ പണ്ടകശാല സ്ഥാപിക്കുകയും അവിടം അങ്ങനെ ഒരു ഇടത്താവളമായി മാറുകയും ചെയ്തു. കിഴക്കൻ പ്രദേശങ്ങളിൽ നിന്നും ആലപ്പുഴയിൽ നിന്നുമുള്ള വ്യാപാര സാധന

ഇവിടെ നിന്നും തന്റെ യാത്ര പുറപ്പെട്ടു കൊല്ലത്തിനടത്തുള്ള കല്ലടയിൽ ചെന്നു താമസിച്ച് അദ്ദേഹം പ്രേഷിതവേല തുടർന്നു. അങ്ങനെയിരിക്കെ കല്ലടയാറ്റിൽ കുളിയ്ക്കാനിറങ്ങിയ സമയം കാൽവഴുതി വീണ് അദ്ദേഹം കാലം ചെയ്യുകയും, അദ്ദേഹത്തെ കല്ലടപള്ളിയിൽ വി. മദ്ബഹായിൽ കബറടക്കുകയും ചെയ്തു

ങ്ങൾ ഇവിടെ ഇറക്കി, ആളുകൾ വിശ്രമിച്ച് വീണ്ടും സാധനങ്ങൾ കയറ്റി കൊണ്ടു പോകുമായിരുന്നു. വ്യാപാര രംഗങ്ങളിൽ ഒരു കുതിച്ചുചാട്ടം തന്നെ ഉണ്ടാക്കിയെടുത്തതിലൂടെയാണ് പുത്തൻകാവിന് പ്രശസ്തി വർദ്ധിക്കാനിടയായതും അന്ത്രയോസ് ബാവ ഇവിടെ ഇറങ്ങാൻ ഇടയായതും. അദ്ദേഹത്തെ കണ്ട മാത്രയിൽ ഒരു ദിവ്യനായി നമ്മുടെ ആളുകൾക്ക് തോന്നുകയും, അദ്ദേഹത്തിന്റെ പ്രാർത്ഥനാ ജീവിതം മാതൃകയാക്കി അദ്ദേഹത്തെ കാവൽ പിതാവായി അംഗീകരിച്ച് ശുശ്രൂഷിക്കുകയുമാണുണ്ടായത്.

ഇവിടെ നിന്നും തന്റെ യാത്ര പുറപ്പെട്ടു കൊല്ലത്തിനടത്തുള്ള കല്ലടയിൽ ചെന്നു താമസിച്ച് അദ്ദേഹം പ്രേഷിതവേല തുടർന്നു. അങ്ങനെയിരിക്കെ കല്ലടയാറ്റിൽ കുളിയ്ക്കാനിറങ്ങിയ സമയം കാൽവഴുതി വീണ് അദ്ദേഹം കാലം ചെയ്യുകയും, അദ്ദേഹത്തെ കല്ലടപള്ളിയിൽ വി. മദ്ബഹായിൽ കബറടക്കുകയും ചെയ്തു. ഇത് പുത്തൻകാവിലെ നിവാസികൾ അറിഞ്ഞ് കല്ലടയ്ക്കു പോകുകയും, വർഷംതോറും അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാൾ സംയുക്തമായി നടത്തുകയും ചെയ്തിരുന്നു. ഏതോ ഒരു വർഷം നമ്മുടെ ആളുകൾ കല്ലടയിൽ ചെല്ലുന്നതിന് മുൻപായി അവിടെ പെരുന്നാൾ ചടങ്ങുകൾ ആരംഭിച്ചതിനെചൊല്ലി ഇരുകൂട്ടരും തമ്മിൽ തർക്കം ഉണ്ടായി. അതെ തുടർന്ന് അവിടെ നിന്ന് വിശ്വാസികൾ ഭയഭക്തി പുരസ്സരം പ്രാർത്ഥിച്ച് അവിടെ നിന്നും അൽപ്പം മണ്ണ് എടുത്തുകൊണ്ടുവന്ന് സഹോദരൻ റമ്പാച്ചനെ അടക്കിയിരുന്ന സ്ഥലത്ത് അടക്കുകയാണ് ഉണ്ടായത്. ആ സ്ഥലത്താണ് പടിഞ്ഞാറെ കൽക്കുരിശ് സ്ഥാപിച്ചത്. പുത്തൻകാവിൽ അന്ത്രയോസ്ബാവാ വന്നപ്പോൾ ആരാധനാലയം ഉണ്ടായിരുന്നില്ല. എന്നാൽ ആറാം മാർത്തോമ്മ തിരുമനസ്സിന്റെ നേതൃത്വത്തിൽ പുത്തൻകാവുകാർ പള്ളിക്കുള്ള സ്ഥലം വാങ്ങി പഴയ പള്ളിയിൽ ആരാധന നടത്തിവരവേയാണ് കല്ലടയിൽ നിന്നും നമ്മുടെ ആളുകൾ മണ്ണ് ഇവിടെ കൊണ്ടുവന്നതും പടിഞ്ഞാറ് അങ്ങാടിയിൽ കുരിശ് സ്ഥാപിച്ചതും. പുഴയുടെ തീരത്ത് കുരിശ് സ്ഥാപിക്കാൻ കാരണം ഈ പ്രദേശത്തെ വിശാലമായ മണൽപ്പുറം കച്ചവട കേന്ദ്രമായിരുന്നു എന്നതാണ്. നിരവധി ഓടി വള്ളങ്ങളും, കെട്ടുവള്ളങ്ങളും, ചെറുവള്ളങ്ങളും ചരക്കുമായി ഇവിടെ വരികയും, പോവുകയും ചെയ്തതിന്റെ ഫലമായി ഈ കൽക്കുരിശു പ്രശസ്തി നേടുകയും, ധാരാളം ആളുകൾ ഇവിടെ വന്ന് നേർച്ചകൾ അർപ്പിച്ച് അനുഗ്രഹം പ്രാപിക്കുകയും ചെയ്തതുമൂലം വളരെയധികം വരുമാനമുള്ള ഒരു പുണ്യകേന്ദ്രമായി പുത്തൻകാവ് മാറി. ഈ കുരിശിങ്കൽ നിന്നും കിട്ടിയിരുന്ന ധനം ക്രമേണ വർദ്ധിച്ചുകൊണ്ടിരുന്നതിനാൽ പുത്തൻകാവിലെ പള്ളിയ്ക്ക് വേണ്ടി നിരവധി നിലങ്ങളും പുരയിടങ്ങളും സമ്പാദിക്കുവാൻ നമ്മുടെ പൂർവ്വികർക്ക് സാധിച്ചു. ഇങ്ങനെ പണം കുമിഞ്ഞ് കൂടിയപ്പോൾ തങ്ങളുടെ ആരാധനാലയം ഒന്നുകൂടി വിപുലപ്പെടുത്തേണ്ടത് ആവശ്യമാണെന്നു തോന്നുകയും, അതിനായി പണം സ്വരൂപിക്കുകയും ചെയ്തിരുന്നു എന്നതിന് സംശയമില്ല.

ആറാം മാർത്തോമ്മായ്ക്ക് അക്കാലത്ത് അഞ്ചാം മാർത്തോമ്മ വരുത്തിവച്ച ഋണബാദ്ധ്യതയിൽ നിന്നും മോചനം നേടുന്നതിന് നിവൃത്തിയില്ലാതെ വന്നു. കടം വീട്ടുന്നതിന് അദ്ദേഹം അന്ന് പുത്തൻകാവ് പള്ളിക്കാരെ സമീപിക്കുകയും പള്ളി പണിക്കുവേണ്ടി സൂക്ഷിച്ചിരുന്ന പണം വാങ്ങി കടത്തിൽ നിന്നും മോചനം നേടുകയും ചെയ്തു. ഇതിന്റെ പ്രത്യുപകാരമായിട്ടാണ് പിൽക്കാലത്ത് തന്റെ മേൽനോട്ടത്തിലും ചുമതലയിലും ആറാം മാർത്തോമ്മ ഇന്നു നാം ഉപയോഗിക്കുന്ന ദേവാലയം പണി കഴിപ്പിച്ചത്. കൊല്ലവർഷം 969-ാം മാണ്ട് വൃശ്ചികമാസം 17-ാം തീയതി തിരുമനസ്സുകൊണ്ട് പള്ളിയ്ക്ക് കല്ലിട്ട് പണി ആരംഭിച്ചു. പള്ളിയുടെ അടിത്തറയും, ഭിത്തിയും പണിയുന്നതിനാവശ്യമായ കല്ലുകൾ പുത്തൻകാവിന്റെ തെക്കുകിഴക്ക് രണ്ടുമൈൽ അകലെയുള്ള പിരളശ്ശേരി മലകളിൽ നിന്നും വെട്ടിയെടുത്ത് വെട്ടുകുഴിയിൽ വെച്ചുതന്നെ പണിക്കുറവ് തീർത്ത് നമ്മുടെ പിതാക്കന്മാർ കൈയടുക്കെ നിന്ന് കൈകളിലൂടെ പകർന്ന് പള്ളിമുറ്റത്ത് എത്തിച്ചു. വരാൽ പശ ചേർത്തു കുമ്മായകൂട്ട് ഉണ്ടാക്കുന്നതിനായി കോഴിമുക്ക് എന്ന സ്ഥലത്തുനിന്ന് (ആലപ്പുഴയ്ക്കടുത്ത്) വേലനായ ഗോവിന്ദനേയും കുടുംബത്തെയും, പുത്തൻകാവിൽ താമസസൗകര്യം നൽകി പണിയ്ക്കുവേണ്ടി വരുത്തുകയും അയാൾ പണിപൂർത്തിയാക്കുന്നതിന് സഹായിക്കുകയും ചെയ്തു. ആ കുടുംബത്തിന്റെ പിൻതലമുറ ഇപ്പോഴും പുത്തൻകാവിൽ താമസിച്ചുവരുന്നു. ഇപ്പോഴും ആ കുടുംബത്തെ പള്ളി ഭരണാധികാരികൾ സഹായിക്കുന്നുണ്ട്. നമ്മുടെ പൂർവ്വികരുടെ ആവേശവും സഹകരണവും ഇന്നത്തെ തലമുറ മാതൃകയാക്കേണ്ടതാണ്.

പള്ളിപണിയുടെ ആരംഭകാലത്തുണ്ടായ എല്ലാ പ്രതിബന്ധങ്ങളും ദൈവാശ്രയത്തിൽ അതിജീവിക്കുവാൻ ആറാം മാർത്തോമ്മയ്ക്കു കഴിഞ്ഞു. അദ്ദേഹം പണി പൂർത്തിയാക്കി ചെങ്ങന്നൂർ പഴയ പള്ളിയിൽ നിന്നും വി. മാതാവിന്റെ രൂപവും നിരണം വലിയ പള്ളിയിൽ നിന്നും പൊലിയാവിളക്കും വരുത്തി തിരുമനസ്സുകൊണ്ട് ഈ ദേവാലയത്തെ വി.മാതാവിന്റെ നാമത്തിൽ പ്രഖ്യാപിച്ച് കൂദാശ നിർവ്വഹിച്ച് വി. മദ്ബഹായിൽ കൽക്കുരിശ് സ്ഥാപിച്ച് ആദ്യ കുർബ്ബാന അർപ്പിച്ച് നമ്മെ അനുഗ്രഹിക്കുകയും ചെയ്തു. എ.ഡി. 1806-ൽ ഡോക്ടർ ബുക്കാനൻ ഈ പള്ളിയിൽ വന്നു വന്ദ്യവയോധികനായ ആറാം മാർത്തോമ്മാ തിരുമേനിയുമായി സംഭാഷണം നടത്തി. 1807-ൽ



1074 വൃശ്ചികം 24-ാം തീയതി
പുത്തൻകാവ് പള്ളിയിൽ വെച്ച്
മാർത്തോമ്മാ മെത്രാപ്പോലീത്താ
സ്ഥാനത്തേക്ക് അഭിഷേകം ചെയ്യപ്പെട്ട
തീത്തൂസ് രണ്ടാമൻ മാർത്തോമ്മാ
മെത്രാപ്പോലീത്താ



പുത്തൻകാവ് പള്ളിയുടെ വിശുദ്ധ മദ്ബഹാ,
ആറാം മർത്തോമ്മാ, എട്ടാം മർത്തോമ്മാ
എന്നിവരുടെ കബറിടങ്ങൾ ഇവിടെ സ്ഥിതി ചെയ്യുന്നു

വീണ്ടും ബുക്കാനൻ സായ്പ് വന്നപ്പോൾ മെനേസീസ് മെത്രാന്റെ അറിവോടുകൂടി നസ്രാണികളുടെ ഗ്രന്ഥങ്ങൾ കണ്ടെടുത്ത് നശിപ്പിച്ചപ്പോൾ അതിൽപ്പെടാതെ സൂക്ഷിച്ചുവച്ചിരുന്ന വളരെയധികം പഴക്കമുള്ള ഒരു സുറിയാനി വേദപുസ്തകം കട്ടിയുള്ള മെഴുക് കടലാസിലോ തോൽ കടലാസിലോ ഭംഗി യായി എഴുതിയിരുന്നത് തിരുമേനി ബുക്കാനൻ സായ്പിന് ഇവിടെ വച്ച് സമ്മാനിച്ചു. ഈ പുസ്തകം നിങ്ങളുടെ കൈയിൽ ആയാൽ ഞങ്ങളുടെ പക്കൽ ഇരിക്കുന്നതിനേക്കാൾ സുരക്ഷിതമായിരിക്കും എന്നും, ഇത് ഞങ്ങൾ ആയിരം വർഷം സൂക്ഷിച്ചതാണ് എന്നും പറഞ്ഞുകൊണ്ടാണ് തിരുമേനി ആ ഗ്രന്ഥം സമ്മാനിച്ചത്. ഈ ഗ്രന്ഥം ഇപ്പോൾ ലണ്ടൻ മ്യൂസിയത്തിൽ ഉണ്ടെന്നറിയാൻ കഴിയുന്നതിൽ സന്തോഷിക്കുന്നു.

നമ്മുടെ പള്ളിയുടെ സ്ഥാപകനായ വലിയ മാർ ദിവന്നാസിയോസ് (6-ാം മാർത്തോമ്മ) നിരണത്തുവച്ച് 1808-ൽ കാലം ചെയ്യുകയും അദ്ദേഹത്തിന്റെ അന്ത്യാഭിലാഷം അനുസരിച്ച് പുത്തൻകാവിൽ അദ്ദേ ഹത്തെ കബറടക്കുകയും ചെയ്തു. ഈ കബറിടം വി.മദ്ബഹായിൽ വലതുവശത്തായി സ്ഥിതിചെയ്യുന്നു. നിരണത്തുള്ള വിശ്വാസികൾക്ക് പിതാവിന്റെ മൃതദേഹം പുത്തൻകാവിലേക്ക് കൊണ്ടുവന്നത് ഒട്ടും സന്തോഷമായി തോന്നിയില്ല.. ആറാം മാർത്തോമ്മയുടെ വജ്രക്കല്ലു പതിച്ച മുദ്രമോതിരം പുത്തൻകാവിൽ സൂക്ഷിച്ചിരുന്നത് 1977-ൽ മാർത്തോമ്മ സിംഹാസനത്തിന്റെ അധിപനും, മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനും, തന്റെ പിൻഗാമിയുമായ മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനിയ്ക്ക് നൽകുകയുണ്ടായി. 6-ാം മാർത്തോമ്മയെ തുടർന്നു 7-ാം മാർത്തോമ്മ മലങ്കരസഭാ ഭരണം ഏറ്റെടുത്തു എങ്കിലും 1809-ൽ പുത്തൻകാവിൽ വച്ച് 6-ാം മാർത്തോമ്മയുടെ ഒരടിയന്തിരത്തിന് വന്ന ചേപ്പാട് ഫിലിപ്പോസ് റമ്പാനുമായി വട്ടിപ്പണ പലിശ സംബന്ധിച്ച് തർക്കമുണ്ടാക്കുകയും 7-ാം മാർത്തോമ്മ കണ്ടനാട്ടേക്ക് താമസം മാറ്റുകയും അധികനാൾ കഴിയുന്നതിനു മുൻപുതന്നെ കണ്ടനാടു വച്ചു കാലം ചെയ്യുകയും ചെയ്തു. കോലഞ്ചേരിയിൽ നിന്നും മൃതദേഹം മലങ്കര സഭാ ആസ്ഥാനമായ പുത്തൻകാവിലേക്ക് കൊണ്ടുവരുന്നത് വളരെയധികം ക്ലേശകരമായതിനാൽ കോലഞ്ചേരി പള്ളിയിൽ അദ്ദേഹത്തെ സംസ്കരിക്കുകയാണ് ഉണ്ടായത്. 7-ാം മാർത്തോമ്മയുടെ അനാരോഗ്യവേളയി ൽ തന്നെ 8-ാം മാർത്തോമ്മയെ വാഴിക്കുകയും 7-ാം മാർത്തോമ്മയുടെ കാലശേഷം 8-ാം മാർത്തോമ്മ ഭരണം ഏറ്റെടുക്കുകയും പുത്തൻകാവിൽ എഴുന്നള്ളി വന്ന അദ്ദേഹം സഭാഭരണം ചിട്ടപ്പെടുത്തുകയും ചെയ്തു. എന്നാൽ 1916-ൽ ഇദ്ദേഹം രോഗബാധിതനായി തീരുകയും കൂടുതൽ ചികിത്സക്കായി നിരണത്ത് പോകുകയും അവിടെ വച്ച് കാലം ചെയ്യുകയുമുണ്ടായി. ഇദ്ദേഹത്തിന്റെ പൗരോഹിത്യകർമ്മം ആലോചിച്ച് ചെയ്യാഞ്ഞതിനാലും 6-ാം മാർത്തോമ്മായുടെ മൃതദേഹം അന്ത്യാഭിലാഷമനുസരിച്ച് പുത്തൻകാവിലേക്ക് കൊണ്ടുവന്നതിന്റെ അമർഷം ഉള്ളിലുണ്ടായിരുന്നതു കൊണ്ടും അന്നത്തെ മലങ്കര സഭാ ആസ്ഥാനം പുത്തൻകാവ് ആയിരുന്നതിനാലും ആ പിതാവിന്റെയും മൃതദേഹം സംസ്കരിയ്ക്കുന്നതിനുള്ള സൗഭാഗ്യം നമുക്ക് ലഭിയ്ക്കുകയുണ്ടായി. ഈ കല്ലറ വി. മദ്ബഹായിൽ ഇടതുവശത്തായി സ്ഥിതി ചെയ്യുന്നു.

> 1843-ൽ മാത്യൂസ് മാർ അത്താനാസിയോസ് കേരളത്തിൽ വരികയും, മഹാരാജാവിന്റെ തിരുവെഴുത്ത് വിളംബരപ്രകാരം മലങ്കരസഭയുടെ അധിപനായി സഭാകേന്ദ്രമായിരുന്ന പുത്തൻകാവിൽ എഴുന്നള്ളി സഭാഭരണം ഏറ്റെടുക്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ഈ പള്ളിയുടെ പുറംഭിത്തികൾ കുമ്മായകൂട്ട് ഉണ്ടാക്കി തേച്ചു വൃത്തിയാക്കി. ഇദ്ദേഹം നവീകരണ പ്രസ്ഥാനം വളർത്തിക്കൊണ്ടു വരുവാൻ പ്രത്യേകം ശ്രദ്ധിച്ചുവന്നു.

8-ാം മാർത്തോമ്മ തന്റെ പിതൃസഹോദരനായ ഐപ്പ് കത്തനാരെ തന്റെ പിൻഗാമിയായി വാഴിച്ചിരുന്നു. അങ്ങനെ 9-ാം മാർത്തോമ്മയുടെ മേൽനോട്ടത്തിലായിരുന്നു. 8-ാം മാർത്തോമ്മയുടെ സംസ്കാര ചടങ്ങുകൾ പുത്തൻകാവിൽ ക്രമീകരിച്ചത് 9-ാം മാർത്തോമ്മയുടെ കാലത്ത് പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ പ്രവർത്തനം മലങ്കരയിൽ ആരംഭിച്ചതിനാൽ സഭയിൽ ചേരിതിരിവും, തർക്കങ്ങളും ഉണ്ടായി പൊതുവേ ശാന്തസ്വഭാവക്കാരനായിരുന്ന 9-ാം മാർത്തോമ്മ പുതിയ ഈ സാഹചര്യത്തെ അതിജീവിക്കുന്നതിനുള്ള ബുദ്ധിമുട്ട് നേരിട്ടപ്പോൾ മലങ്കര ആസ്ഥാനമായ പുത്തൻകാവിൽ നിന്നും വിട്ടു നിൽക്കാൻ ആഗ്രഹിക്കുകയും ഇവിടെ നിന്നും കടമറ്റത്തുപോയി താമസിക്കുകയും ആ കാലയളവിൽ കാലം ചെയ്യുകയും അവിടെ കബറടക്കുകയും ചെയ്തു.

1843-ൽ മാത്യൂസ് മാർ അത്താനാസിയോസ് കേരളത്തിൽ വരികയും, മഹാരാജാവിന്റെ തിരുവെഴുത്ത് വിളംബരപ്രകാരം മലങ്കരസഭയുടെ അധിപനായി സഭാകേന്ദ്രമായിരുന്ന പുത്തൻകാവിൽ എഴുന്നള്ളി സഭാഭരണം ഏറ്റെടുക്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ഈ പള്ളിയുടെ പുറംഭിത്തികൾ കുമ്മായകൂട്ട് ഉണ്ടാക്കി തേച്ചു വൃത്തിയാക്കിയത്. ഇദ്ദേഹം നവീകരണ പ്രസ്ഥാനം വളർത്തിക്കൊണ്ടു വരുവാൻ പ്രത്യേകം ശ്രദ്ധിച്ചു വന്നു. മലങ്കര സഭയിലുണ്ടായ ചേരിതിരിവ് ഈ കാലയളവിൽ ഈ പള്ളിയിലും പ്രത്യക്ഷപ്പെട്ടു. 1852-ലെ തിരുവിതാംകൂർ കൊച്ചി തിരുവെഴുത്തു വിളംബര പ്രകാരം മാത്യൂസ് മാർ അത്താനാസിയോസിനെ അനുസരിക്കാൻ കഴിയാത്തവർ വേറെ പള്ളി കെട്ടിപോകണമെന്ന് സർക്കാർ ഉത്തരവ് ഇറക്കിയതിന്റെ വെളിച്ചത്തിൽ മാത്യൂസ് മാർ അത്താനാസിയോസിനെ എതിർക്കുന്നവരിൽ കുറച്ചാളുകൾ കോയിപ്പുറത്ത് ഒരു പള്ളി പണിയുകയും, അവിടെ ആരാധന നടത്തി വരികയും ചെയ്തു. ഇവിടെ നിന്ന് കോയിപ്പുറത്തിനു പോകുന്നവരുടെ എണ്ണം നാൾക്കുനാൾ കുറഞ്ഞു വന്നു. ഇത്രദൂരം യാത്ര ചെയ്ത് അവിടെ പോയി വി. കുർബ്ബാനയിൽ പങ്കെടുക്കുന്നതിന് വിഷമകരമായി തോന്നിയതിനാൽ കുറെ ആളുകൾ വീണ്ടും സംഘടിച്ച് പുത്തൻകാവിൽ കുറ്റിപ്പള്ളി (സെന്റ് ജോൺസ് ചാപ്പൽ) സ്ഥാപിച്ചു.

1875-ൽ മലങ്കര സഭയിലേക്ക് എഴുന്നെള്ളിയ പത്രോസ് പാത്രിയർക്കീസ് തിരുമനസ്സുകൊണ്ട് പാലക്കുന്നത്ത് മെത്രാച്ചന്റെ നവീകരണ സിദ്ധാന്തത്തെ എതിർക്കുന്നതിനുവേണ്ടി മാരാമണ്ണിലേക്കുള്ള യാത്രാമദ്ധ്യേ മലങ്കരസഭാ ആസ്ഥാനമായ പുത്തൻകാവ് പള്ളിയിൽ പ്രാർത്ഥന നടത്തി വിശ്രമിച്ചു. പാത്രീയർക്കിസിന്റെ വരവോടുകൂടി കുറ്റിപള്ളിയിൽ കൂടിയിരുന്നവരിൽ ഭൂരിഭാഗവും പാത്രിയർക്കിസിനെ സ്വീകരിക്കുകയും ഈ പള്ളിയിലേക്ക് തിരിച്ചുവരുകയും മാത്യൂസ് മാർ അത്താനാസിയോസിനെ എതിർക്കുകയും ചെയ്തു. അതോടുകൂടി പുത്തൻകാവ് പള്ളിയിൽ സിവിൽ കേസ് ആരംഭിച്ചു.

1877-ൽ മാത്യൂസ് മാർ അത്തനാസിയോസ് കാലം ചെയ്യുകയും തോമസ് മാർ അത്തനാസിയോസ് പിന്തുടർച്ചാവകാശിയായി തീരുകയും ചെയ്തു. ഈ സമയം പഴയസെമിനാരിയും സഭാവക ഇതര സ്വത്തുക്കളും വിടർത്തികിട്ടുന്നതിനായി ആലപ്പുഴ ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തു ഈ കേസ് റോയൽ കോടതി വിധി ശരി വച്ചു. തുടർന്ന് തോമസ് മാർ അത്തനാസിയോസിന്റെ കൈവശം ഇരുന്ന എല്ലാ പള്ളികൾക്കും വേണ്ടി കേസ് ഫയൽ ചെയ്തു. പുത്തൻകാവ് പള്ളിയുടെ കേസ് ആലപ്പുഴ ജില്ലാ കോടതിയിൽ 391-ാം നമ്പരായി ആരംഭിച്ചു. അന്നുമുതൽ നവീകരണക്കാർക്കും, മലങ്കര മെത്രാപ്പോലീത്തായ്ക്കും പള്ളിയിൽ ഒന്നിടവിട്ട ആഴ്ചകളിൽ കർമ്മാനുഷ്ഠാനങ്ങൾ നടത്തിവരുന്നതിന് താൽക്കാലിക ഉത്തരവ് ഉണ്ടായി. ഈ അവസരത്തിൽ തോഴിയൂർ മെത്രാപ്പോലീത്തയും തോമസ് മാർ അത്തനാസിയോസും ചേർന്നു 1074 വൃശ്ചികം 24-ൽ തീത്തൂസ് രണ്ടാമനെ ഈ പള്ളിയിൽ വച്ച് മാർത്തോമ്മാ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്തു. പത്രോസ് പാത്രിയാർക്കീസ് മുളന്തുരുത്തിപള്ളിയിൽ വച്ച് വിളിച്ചുകൂട്ടിയ സുന്നഹദോസിൽ വച്ച് സഭാക്രമീകരണങ്ങൾക്കായി ഏഴ് ഭദ്രാസനങ്ങൾ രൂപികരിക്കുകയും തുമ്പമൺ ഭദ്രാസനത്തിൽ പുത്തൻകാവിനെ ഉൾപ്പെടുത്തിയും ഭദ്രാസനാധിപനായി പരുമല കൊച്ചുതിരുമേനിയെ അവരോധിക്കുകയും ചെയ്തു. എന്നാൽ കോടതിയിൽ കേസ് നിലനിന്നിരുന്നതിനാൽ പരിശുദ്ധ തിരുമേനിക്ക് ഈ പള്ളിയിൽ പ്രവേശിക്കാൻ കഴിഞ്ഞില്ല. പുത്തൻകാവുപള്ളിയുമായുള്ള വ്യവഹാരത്തിനു തങ്ങൾ പരാജയപ്പെടുമെന്ന് നവീകരണ കക്ഷികളുടെ ട്രസ്റ്റിമാർക്ക് ബോധ്യമായി. അവരിൽ ചിലർ മേലദ്ധ്യക്ഷന്മാരോടുപോലും ചോദിയ്ക്കാതെ 1890-ൽ 1000 രൂപാ പ്രതിഫലമായി പറ്റിക്കൊണ്ട് കോടതിയ്ക്കു പുറമെയുള്ള ഒത്തുതീർപ്പ് വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഒത്തു ചേർന്ന് പുത്തൻകാവ് തെരുവിൽ മറ്റൊരു പള്ളി പണി തീർത്തു. അതാണ് ഇപ്പോഴത്തെ മതിലകം മാർത്തോമ്മ പള്ളി. പിന്നീട് മലങ്കര സഭയ്ക്ക് അനുകൂലമായ വിധി ഉണ്ടാകുകയും നവീകരണക്കാർ മുഴുവൻ ആളുകളും പുത്തൻകാവ് വലിയ പള്ളിയിൽ നിന്നു പിരിഞ്ഞുപോവുകയും ചെയ്തു.

കക്ഷി വഴക്കുകൾ ഉണ്ടായിരുന്നുവെങ്കിലും ഒരു കുടുംബത്തിലെ അംഗങ്ങൾ എന്ന നിലയിൽ ജീവിക്കുവാൻ ഇരുകക്ഷികളിലേയും ആളുകൾ ശ്രദ്ധിച്ചിരുന്നു. ഇങ്ങനെ ഇവിടെ ഐക്യവും സ്നേഹവും

നഷ്ടപ്പെടാതെ പുത്തൻകാവിന്റെ സാമൂഹിക പരിഷ്കരണത്തിൽ ഇരുകൂട്ടരും ശ്രദ്ധചെലുത്തി. കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യത്തിനായി 1899-ൽ പുത്തൻകാവ് മാർത്തോമ്മ പള്ളിക്കാർ പച്ചത്തീകണ്ടത്തിനോട് ചേർന്ന് ഒരു ആൺപള്ളിക്കുടവും വലിയ പള്ളിക്കാർ റോഡ്സൈഡിൽ ഒരു പെൺപള്ളിക്കുടവും സ്ഥാപിച്ചു. പിന്നീട് ഇരുകൂട്ടരും ഈ സ്ഥാപനങ്ങൾ സൗജന്യമായി സർക്കാരിന് വിട്ടു കൊടുത്തു. അതാണ് ഇപ്പോഴത്തെ മഹാകവി പുത്തൻകാവ് മാത്തൻ തരകൻ സ്മാരക ഗവൺമെന്റ് യു.പി. സ്കൂളും, എൽ.പി. സ്കൂളും. ഈ സമയം നവീകരണ കക്ഷിക്കാരെ പിന്തുണച്ചത് അയിരുക്കുഴിയിലച്ചന്മാരും, ബാവാ കക്ഷിയ്ക്ക് നേതൃത്വം നൽകിയിരുന്നത് ആലുംമൂട്ടിൽ പത്രോസ് കത്തനാരും ആയിരുന്നു. ഈ സമയത്ത് ആറാം മാർത്തോമ്മയുടെ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്ന തൊമ്മൻ കത്തനാരുടെ സഹോദര പൗത്രനും, പരുമല തീരുമേനിയുടെ ശിഷ്യനുമായ മാവേലിക്കര വടക്കേത്തലയ്ക്കൽ തോമ്മാകത്തനാരെ 1890-ാം മാണ്ട് സഹവികാരിയായി നിയമിക്കുകയും അദ്ദേഹവും കുടുംബവും പുത്തൻകാവിൽ താമസം ഉറപ്പിച്ച് പള്ളിയുടെ ശുശ്രൂഷകൾ നടത്തുകയും ചെയ്തു. ഇങ്ങനെ ഭരണം നടത്തിവരവേ മലങ്കര സഭാഭാസുരൻ വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർദിവന്നാസിയോസ് തിരുമനസ്സുകൊണ്ട് പുത്തൻകാവുപള്ളിയിൽ എഴുന്നള്ളുകയും പള്ളിയുടെ ഭരണ ക്രമീകരണങ്ങൾക്കായി വിളിച്ചുകൂട്ടിയ പൊതുയോഗത്തിൽ വച്ച് പന്ത്രണ്ടു ട്രസ്റ്റിമാരെ തിരഞ്ഞെടുക്കുകയും ഇവരുടെ കാലവധി ഓരോരുത്തർക്കും രണ്ടുവർഷമായി നിശ്ചയിക്കുകയും അങ്ങനെ 24 വർഷത്തേക്ക് പ്രശ്നങ്ങൾ കൂടാതെ ഭരണം ക്രമീകരിക്കുകയും ചെയ്തു. അങ്ങനെ തോമാകത്തനാരുടെ രണ്ടാമത്തെ മകനെ തനിക്കു വേണം എന്നു പറഞ്ഞുകൊണ്ട് വൈദീക പഠനത്തിനായി കൂട്ടിക്കൊണ്ടു പോവുകയും, അദ്ദേഹത്തെ പിൽക്കാലത്ത് മെത്രാപ്പോലീത്തയായി ഉയർത്തുകയും ചെയ്തു. ആ തിരുമേനിയാണ് പുണ്യശ്ലോകനായ പുത്തൻകാവിൽ കൊച്ചുതിരുമേനി എന്നറിയപ്പെടുന്ന ഗീവറുഗീസ് മാർ പീലക്സിനോസ് തിരുമേനി. ഇദ്ദേഹം തുമ്പമൺ ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുത്തു മലങ്കരസഭാ ആസ്ഥാനമായി പരിലസിച്ചിരുന്ന പുത്തൻകാവ് ദേവാലയം അന്നു മുതൽക്കാണ് പൂർണ്ണമായും ഒരു ഭദ്രാസനത്തിന്റെ ഇടവകപള്ളിയായി മാറിയത്. മലങ്കരയിലെങ്ങും ഓടിനടന്ന് സഭയെ വളർത്തുന്നതിൽ പുത്തൻകാവിൽ കൊച്ചുതിരുമേനി പ്രത്യേകം ശ്രദ്ധിച്ചുവന്നു. അദ്ദേഹം കുട്ടികളുടെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി പുത്തൻകാവിൽ ആരംഭിച്ച വായനശാല പള്ളിക്കൂടം ഹൈസ്കുളായി രൂപാന്തരപ്പെടുത്തി. കോളജ് വിദ്യാഭ്യാസത്തിനായി പത്തനംതിട്ടയിൽ ഒരു കോളേജ് സ്ഥാപിക്കുവാൻ മുൻകൈയെടുത്തു. ഇതൊക്കെയും സഭയ്ക്കു മുതൽകൂട്ടായി തീരണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. പിൽക്കാലത്ത് ഹൈസ്കൂളായി വായനശാല പള്ളിക്കൂടം ഉയർത്തിയപ്പോൾ പള്ളിവക സ്ഥലങ്ങൾ, പള്ളിക്കാർ മാനേജ്മെന്റിന് നൽകുകയുണ്ടായി. തുടർന്ന് കോർപറേറ്റ് മാനേജ്മെന്റ് ഇത് ഏറ്റെടുത്തപ്പോൾ അവിടെ നടത്തുന്നതായ ഉദ്യോഗ നിയമനത്തിൽ നാലിൽ ഒന്നിന്റെ അവകാശം പുത്തൻകാവ് പള്ളിയുടെ ഭരണസമിതിയ്ക്കായി വ്യവസ്ഥ ചെയ്തിരുന്നു ഇപ്പോൾ ഈ വ്യവസ്ഥ നിലനിൽക്കുന്നില്ല ഇതേതുടർന്ന് (വിവിധ ഷെയറുകൾ ശേഖരിച്ച്) പുത്തൻകാവ് യു.പി സ്കൂൾ, എം.ഡി.എൽ.പി. പിരളശ്ശേരി, എം.ഡി.എൽ.പി. നീർവിളാകം എന്നീ സ്കൂളുകളും ആരംഭിച്ചു. ഇതൊക്കെയും മലങ്കര സഭയ്ക്ക് പുത്തൻകാവിന്റെ സംഭാവനയാണ് എന്ന് ഊന്നി പറയട്ടെ. സഭയിലെ ആളുകളെ ഒന്നിപ്പിക്കുന്നതിനും സഭയുടേതായി സ്വത്തുക്കൾ വർദ്ധിപ്പിക്കുന്നതിനും സഭാമക്കളെ ഒറ്റക്കെട്ടായി അണി നിരത്തുന്നതിനും അശ്രാന്തം പണിയെടുത്തുവന്ന ആ പുണ്യശ്ലോകൻ 1951 ഏപ്രിൽ മാസം 17-ാം തീയതി കുന്നംകുളം ആർത്താറ്റ് കുരിശ് പള്ളിയിൽ വച്ച് (മരത്തംകോട് ചാപ്പൽ) കാലം ചെയ്തു. അങ്ങനെ തുമ്പമൺ ഭദ്രാസനാധിപനായ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ മൃതദേഹവും സംസ്കരിക്കുന്നതിനുള്ള ഭാഗ്യം പുത്തൻകാവ് പള്ളിക്കു സിദ്ധിച്ചു. തിരുമേനിയെ മദ്ബഹായോട് ചേർന്ന് വടക്കുഭാഗത്തായി കബറടക്കിയിരിക്കുന്നു. ഇങ്ങനെ മൂന്നു മേലദ്ധ്യക്ഷന്മാരുടെ കബറിടം സ്ഥിതിചെയ്യുന്ന മലങ്കര സഭയിലെ ഏക ഇടവകയായി ഉയരുവാനുള്ള ഭാഗ്യം നമ്മുടെ ദേവാലയത്തിനു സിദ്ധിച്ചു. മുൻകാലയളവിൽ മലങ്കര മർത്തോമ്മ മെത്രാപ്പോലീത്തമാരുടെ ആസ്ഥാനമായിരുന്നു പുത്തൻകാവ് ദേവാലയം എന്നത് ഒരു ചരിത്രസത്യമായിരുന്നു. പുത്തൻകാവ് കൊച്ചുതിരുമേനിയ്ക്കുശേഷം ഔഗേൻമാർ തീമോത്തിയോസ്, ദാനീയേൽ മാർ പീലക്സിനോസ് എന്നീ മെത്രാപ്പോലീത്തമാർ ഈ ഇടവകയുടെ മേലദ്ധ്യക്ഷന്മാരായി നമ്മെ നയിച്ചിരുന്നു.

ഇപ്പോൾ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ സഹോദരപുത്രനായ നി.വ.ദി.ശ്രീ തോമസ് മാർ അത്തനാസിയോസ് ആണ് ഇടവകയുടെ മേലദ്ധ്യക്ഷ സ്ഥാനത്തെ അലങ്കരിക്കുന്നത്. ഈ ദേവാലയം ചെങ്ങന്നൂർ ഭദ്രാസനത്തിലെ ഒരു കത്തീഡ്രൽ ദേവാലയമായി ഇന്ന് പരിലസിക്കുന്നു.

1958 ഡിസംബർ 26-ന്, മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി കോടതി വിധി ഉണ്ടായപ്പോൾ നസ്രാണികൾ ഒറ്റക്കെട്ടായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഈ ദേവാലയാങ്കണത്തിൽ വച്ച് ഇരു കക്ഷികളും ഉൾപ്പെടുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ കൂടി എന്നുള്ളത് ഒരു ചരിത്രസത്യമാണ്. മുൻകാലങ്ങളിൽ പുത്തൻകാവ് മലങ്കര സഭ ആസ്ഥാനമായിരുന്നു എന്നു തെളിയിക്കുന്നതിന് ഇതു മുഖാന്തിരമായി തീർന്നു. പള്ളിയ്ക്കുവേണ്ടി കേസ് ഉണ്ടായിരുന്നു എങ്കിലും ഇവിടുത്തെ നസ്രാണികളുടെ ഐക്യമാണ് 1958-ൽ ഇവിടെ ഒത്തുകൂടാൻ സഭാ മേലദ്ധ്യക്ഷന്മാരെ പ്രേരിപ്പിച്ചത്. 1975-ൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ മേൽപ്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുത്ത അഞ്ച് വൈദികർക്ക് റമ്പാൻ സ്ഥാനം നൽകിയതും, ഈ പുരാതന ദേവാലയത്തിന്റെ മദ്ബഹായിൽ വെച്ചായിരുന്നു.



15 നോയമ്പിനു മാത്രം
ഭക്തജനങ്ങൾക്കായി പ്രദർശിപ്പിക്കുന്ന
വിശുദ്ധ ദൈവമാതാവിന്റെ
തങ്കത്തിലുള്ള നൂറ്റാണ്ടുകൾ പഴക്കമുള്ള രൂപം

## ഈ ഇടവകയെ നയിച്ചിട്ടുള്ള വൈദീക ഗണത്തിന്റെ പേരുകൾ അറിവായത് ചുവടെ ചേർക്കുന്നു. ലിസ്ററ് പൂർണ്ണമല്ല

1. തൊമ്മൻ കത്തനാർ, വടക്കേത്തലയ്ക്കൽ, മാവേലിക്കര
2. പീടികയിൽ കോശി കത്തനാർ
3. ചിറ്റക്കാട് കുഞ്ഞുനൈനാൻ അച്ചൻ
4. പുത്തൻപുരയ്ക്കൽ അച്ചൻ
5. അയിരുക്കുഴിയിൽ അച്ചന്മാർ
   1. ഇടിക്കുള കത്തനാർ
   2. ഏബ്രഹാം കത്തനാർ
   3. ചാണ്ടി കത്തനാർ
6. പൂവത്തൂർ അച്ചൻ & കല്ലിശ്ശേരിൽ അച്ചൻ
7. പേരൂർ കാവിലച്ചൻ
8. നിരണം നടുവിലേത്ത് കുര്യാക്കോസ് അച്ചൻ
9. ആലുംമൂട്ടിൽ പത്രോസ് കത്തനാർ
10. കിഴക്കേത്തലയ്ക്കൽ പെരുമാൾ തരകൻ തോമാകത്തനാർ
11. മോടിശ്ശേരിൽ മാത്യൂസ് അച്ചൻ
12. കുറ്റിയിൽ യോഹന്നാൻ കത്തനാർ
13. പയ്യംപള്ളിയിൽ ദാവീദച്ചൻ
14. കുലത്തായ്ക്കൽ അച്ചൻ
15. സി.വി. ജോൺ അച്ചൻ
16. പി.ഇ. ജോസഫ് അച്ചൻ
17. എം.റ്റി. തോമസ് അച്ചൻ
18. തയ്യിൽ സഖറിയ അച്ചൻ
19. റ്റി.എസ്. തോമസ് അച്ചൻ
20. ഗബ്രീയേൽ അച്ചൻ
21. റ്റി.ജെ. സ്റ്റീഫൻ അച്ചൻ
22. പോൾമാടത്ത് അച്ചൻ
23. പി.എം. ജോർജ് പുല്ലാംപ്ലാവിൽ (ബർശൈനോ റമ്പാൻ)
24. പി.വി. ജോൺ അച്ചൻ
25. മാത്യു തോമസ് അച്ചൻ (സഹവികാരി)
26. സി.ജെ. ജോർജ് അച്ചൻ
27. മീഖായേൽ ഗബ്രിയേൽ ഏബ്രഹാം കോർ എപ്പിസ്കോപ്പാ
28. ഫാ. ജോൺ ദാനിയേൽ
29. ഫാ. ജോൺ പോൾ
30. ഫാ. മാത്യു വർഗീസ്
31. ഫാ. സഖറിയ പനയ്ക്കാമറ്റം
32. ഫാ. ജോസ് തോമസ്
33. ഫാ. മത്തായി കുന്നിൽ
34. ഫാ. രാജൻ വർഗീസ് (ലേഖകൻ)
35. ഫാ. ജാൾസൺ പി. ജോർജ് (സഹവികാരി)

ബഹുമാനപ്പെട്ട ഈ വൈദീകർ സമയോചിതമായ പ്രവർത്തനവും പ്രാർത്ഥനയും ഈ ഇടവകയുടെ വളർച്ചയ്ക്ക് വലിയ പങ്കു വഹിച്ചു. പ്രഗൽഭരായ നിരവധി ആൽമായ നേതാക്കളും കാലകാലങ്ങളിൽ നമ്മുടെ ദേവാലയത്തിന്റെയും സഭയുടെ വളർച്ചയ്ക്കും വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്.

പുത്തൻകാവ് പള്ളിയിൽ നിന്ന് സ്വതന്ത്ര ഇടവകകളായി മാറിയ ഇടവകകൾ ധാരളമുണ്ട്. ആറാട്ടുപുഴ സെന്റ് മേരീസ് പള്ളി, പിരളശ്ശേരി കാതോലിക്കേറ്റ് സിംഹാസന പള്ളി, മുളക്കുഴ, സെന്റ് മേരീസ് പള്ളി, മംഗലം സെന്റ് ജോർജ്ജ് പള്ളി, ഇടനാട് സെന്റ് മേരീസ് പള്ളി, കുറിച്ചിമുട്ടം സെന്റ് സ്റ്റീഫൻസ് പള്ളി, ഓതറ സെന്റ് മേരീസ് പള്ളി, നെല്ലിക്കൽ സെന്റ് മേരീസ് പള്ളി തുടങ്ങി കഴിഞ്ഞവർഷം സ്വതന്ത്ര ഇടവകയായി മാറിയ നീർവിളാകം സെന്റ് ഗ്രീഗോറിയോസ് പള്ളി വരെ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുന്നു. തങ്ങളുടെ പൂർവ്വീകർ മാമോദീസ മുങ്ങിയ, അവർ മണ്ണായി തീർന്ന പുത്തൻകാവ് പള്ളിയോട് എന്നും വൈകാരിക ബന്ധം പുലർത്തുകയും പെരുന്നാളുകളിൽ നേർച്ചകാഴ്ചകളുമായി വരുകയും ചെയ്യുന്ന ഈ ഇടവകകളിലെ ഭക്തജനങ്ങളെ പ്രത്യേകം സ്മരിക്കുന്നു.

2013 ഏപ്രിൽ 17-ാം തീയതി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതിയൻ ബാവാ പുത്തൻകാവ് കത്തീഡ്രലിൽ എഴുന്നള്ളി വിശുദ്ധ കുർബ്ബാന മദ്ധ്യേ പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായ്ക്ക് "കാതോലിക്കേറ്റ് രത്നദീപം" എന്ന ബഹുമാനനാമം നൽകിയ കൽപ്പന നൽകുകയും വിശ്വാസികളായ ആയിരങ്ങളെ സാക്ഷി നിർത്തി ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ്മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത കൽപ്പന വായിച്ചതും ചരിത്രസംഭവമാണ്. തുടർന്ന് നടന്ന സമ്മേളനത്തിൽ പുത്തൻകാവ് കത്തീഡ്രലിൽ ഒരു കാലഘട്ടത്തിൽ ദേവലോകത്തിന് തുല്യമായ സ്ഥാനം വഹിച്ചിരുന്നുവെന്ന പരിശുദ്ധ കാതോലിക്ക ബാവാ പ്രഖ്യാപിച്ചതും പുത്തൻകാവ് കത്തീഡ്രലിന്റെ ചരിത്രത്തിലെ ഒരു സുവർണ്ണ നിമിഷമായിരുന്നു.

ചരിത്രം പള്ളി ഉറങ്ങുന്ന പുത്തൻകാവ് പള്ളിയെ 1985-ൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ കാതോലിക്ക ബാവ കത്തീഡ്രലായി ഉയർത്തിയതും 2009-ൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ ദിദിമോസ് പ്രഥമൻ മലങ്കര സഭയുടെ തീർത്ഥാടക കേന്ദ്രമായി പ്രഖ്യാപിച്ചതും ചരിത്രസംഭവമാണ്. നിരവധി ചരിത്രപ്രധനങ്ങളായ സമ്മേളനങ്ങൾ പുത്തൻകാവ് പള്ളിയിൽ നടന്നിരുന്നു. 1997 ജൂൺ 10-ാം തീയതി പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ജന്മശതാബ്ദി സമ്മേളനം മഹാരാഷ്ട്ര ഗവർണർ ഡോ. പി.സി. അലക്സണ്ടാർ ഉദ്ഘാടനം ചെയ്തു. 2001 ഏപ്രിൽ 17-ാം തീയതി പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ചരമ സുവർണ്ണ ജൂബിലി ആചരണം മലയാളമനോരമ ചീഫ് എഡിറ്റർ ശ്രീ.കെ.എം. മാത്യു ഉദ്ഘാടനം ചെയ്തു. 2008-2009 വർഷങ്ങളിൽ ആറാം മാർത്തോമ്മയുടെ ചരമദ്വിശതാബ്ദി വിപുലമായി ആചരിച്ചു. ചരമദ്വിശതാബ്ദിയുടെ വിവിധ പരിപാടികളിൽ ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത കണ്ടനാട് ഈസ്റ്റ് ഭദ്രാസനാധിപൻ ഡോ. തോമസ് അത്താനാസിയോസ് മെത്രാപ്പോലീത്ത, മലബാർ ഭദ്രാസനാധിപൻ സഖറിയാസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത, മന്ത്രി ശ്രീ. മോൻസ് ജോസഫ്, സഭാ വൈദീക ട്രസ്റ്റി ഫാ. ഡോ. ജോൺസ് കോനാട്ട്, ശ്രീ. പി.സി.വിഷ്ണുനാഥ് എം.എൽ.എ. എന്നിവർ പങ്കെടുത്തു.

ആറാം മാർത്തോമ്മായുടെ സ്മരണ സമൂഹത്തിൽ ശക്തമായി നിലനിർത്തുവാൻ ആറാം മാർത്തോമ്മ അവാർഡ് (25000 രൂപയും പ്രശസ്തി പത്രവും) നൽകുവാൻ തീരുമാനിച്ചു. വിവിധ വർഷങ്ങളിലായി നിരണം ഭദ്രാസനാധിപനായിരുന്ന കാലം ചെയ്ത ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത, ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്ത, ഫാ. ഡോ. റ്റി.ജെ. ജോഷ്വാ, പ്രശസ്ത സാമൂഹിക പ്രവർത്തക സിസ്റ്റർ ദയാഭായി എന്നീവർക്ക് ആറാം മാർത്തോമ്മാ അവാർഡ് നൽകിയെന്നത് ശ്രദ്ധേയമാണ്. കാതോലിക്കേറ്റ് ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് 2012 ഡിസംബർ 4-ാം തീയതി പുത്തൻകാവ് കത്തീഡ്രലിൽ വൈദീക സംഗമം നടന്നു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ ബാവാ സംഗമം ഉദ്ഘാടനം ചെയ്തു. തോമസ് മാർ അത്താനാസിയോസ്, ഡോ. മാത്യൂസ് മാർ സേവറിയോസ്, കുര്യാക്കോസ് മാർ ക്ലീമ്മിസ്, ഡോ. സഖറിയാസ് മാർ തെയോഫിലോസ്, ഡോ. മാത്യൂസ് മാർ തിമോത്തിയോസ്, ഡോ. യൂഹാനോൻ മാർ തേവോദോറോസ്, ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, അലക്സിയോസ് മാർ യൗസേബിയോസ് എന്നീവർ പങ്കെടുത്തു. 1958-ലെ മലങ്കര അസോസിയേഷനു ശേഷം നടന്ന മറ്റൊരു ചരിത്ര സമ്മേളനമായിരുന്നു വൈദീക സംഗമം. സൺഡേസ്കൂൾ പ്രസ്ഥാനം സംഘടനയായി രൂപീകരിച്ചതിന്റെ സുവർണ്ണ ജൂബിലി പ്രമാണിച്ച് പ്രതിഭാസംഗമം 2014 ഫെബ്രുവരി 8-ാം തീയതി പുത്തൻകാവ് പള്ളിയിൽ പരിശുദ്ധ കാതോലിക്ക ബാവ ഉദ്ഘാടനം ചെയ്തതും ശ്രദ്ധേയമായ ഒരു സമ്മേളനമായിരുന്നു.

ചരിത്രപരമായ കാരണങ്ങളാൽ മാർത്തോമ്മ സഭയുടെ തീത്തുസ് ദ്വിതീയൻ തിരുമേനി അഭിഷിക്തനായത് 1074 വൃശ്ചികം 24-ന് പുത്തൻകാവ് പള്ളിയിൽ ആയിരുന്നു. ഓർത്തഡോക്സ് സഭ വിട്ട് റീത്ത് പ്രസ്ഥാനം രൂപികരിച്ച മാർ ഈവാനിയോസ് തിരുമേനിയ്ക്ക് 17-ാം വയസ്സിൽ പുത്തൻകാവ് പള്ളിയിൽ വച്ചാണ് പുലിക്കോട്ട് മാർ ദിവന്നാസ്യോസ് തിരുമേനി ശെമ്മാശപട്ടം നൽകിയത്. ചുരുക്കത്തിൽ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് മാത്രമല്ല മറ്റ് പല സഭകൾക്കും ചരിത്രപരമായി പുത്തൻകാവ് പള്ളിയുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഈ മഹാ ഇടവകാംഗങ്ങളായി ജനിക്കുവാനും വളരുവാനും ഭാഗ്യം സിദ്ധിച്ച വിശ്വാസ സമൂഹത്തെ അനുഗ്രഹിക്കട്ടെ യെന്ന് പ്രാർത്ഥിച്ചു കൊണ്ട്. ചരിത്രത്തിലൂടെയുള്ള ഈ തീർത്ഥയാത്ര ചുരുക്കുന്നു.



പുത്തൻകാവ് കത്തീഡ്രലിന്റെ ഉടമസ്ഥതയിലുള്ള സെന്റ് ജോൺസ് ചാപ്പൽ

# 1958 ജനുവരി 26-ാം തീയതിയിൽ പുത്തൻകാവ് അസോസ്സിയേഷനിൽ ഉയർന്ന ഐക്യത്തിന്റെ പ്രസംഗങ്ങൾ



"ഇന്ത്യയിലെ മഹാധീഷണശാലികളിൽ ഒരാളായിരുന്ന വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനിയും, ഇ.ജെ.ജോൺ, എം.എ ചാക്കോ, കെ.സി.മാമ്മൻമാപ്പിള മുതലായ നിരവധി നേതാക്കന്മാരും സമാധാനത്തിനുവേ പരിശ്രമങ്ങൾ നടത്തിയിട്ടുള്ളവരാണ്. വീണ്ടും വീണ്ടും സമാധാനം കൈവരാതെ സമുദായം തളർന്നുവീഴുകയാണുായത്. അതിന്റെ കാരണങ്ങളെപ്പറ്റി നിങ്ങൾ ആലോചിക്കണം. അതെല്ലാം മനുഷ്യന്റെ പ്രയ്ത്നങ്ങളായിരുന്നു. ഇപ്പോൾ മനുഷ്യന്റെ ബുദ്ധിസാമർത്ഥ്യം പരാജയപ്പെട്ടിടത്ത് ദൈവത്തിന്റെ കാരുണ്യമുണ്ടായി. ഒരു നിമിഷത്തിനുള്ളിൽ അപ്രതീക്ഷിതമായ ഒരു സന്ദർഭത്തിൽ ദൈവം നമുക്ക് സമാധാനം ദാനം ചെയ്തു."

-പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവ



"സമാധാനത്തെ തകർക്കുവാൻ സാത്താൻ ചെയ്യുന്ന ശ്രമങ്ങളെ നിങ്ങളെപ്പോഴും എതിർത്ത് സഭയെ രക്ഷിക്കണം. കാതോലിക്കാ സിംഹാസനവും, അന്ത്യോക്യയിലെ പാത്രിയാർക്കാ സിംഹാസനവും തമ്മിലുള്ള സ്നേഹം നിലനിർത്തുവാൻ പര്യാപ്തമായ വിധത്തിൽ സമുദായ വിഭാഗങ്ങൾ ഒന്നിച്ചത് വലിയ സന്തോഷം നൽകുന്നു."

-അന്ത്യോക്യാ പ്രതിനിധി മാർ യൂലിയോസ് മെത്രാപ്പോലീത്താ



"കാതോലിക്കാ സിംഹാസനത്തിന്റെ കീഴിൽ മലങ്കരയിലെ ഐക്യം ആചന്ദ്രതാരം നിലനിൽക്കും കാതോലിക്കാ സിംഹാസനത്തിന്റെ കീഴിൽ മെത്രാപ്പോലിത്തമാരെല്ലാം ഒന്നിച്ചു നിൽക്കയാണ്. ഇനി ഒരു കാരണവശാലും സമുദായത്തിൽ ഭിന്നിപ്പുണ്ടാവുകയില്ല."

-പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ
(പിന്നീട് യാക്കോബാ വിഭാഗത്തിന്റെ ശ്രേഷ്ഠ
പൗലോസ് ദ്വിതീയൻ കാതോലിക്ക എന്നറിയപ്പെട്ടു.)



"ഈ അസാധാരണ രംഗം ഇന്നത്തെ തലമുറയുടെ മുൻപിലുള്ള ഒരു വെല്ലുവിളിയാണ്. സാങ്കേതിക ഭിന്നതകൾ മാറിക്കഴിഞ്ഞ ഇന്നെങ്കിലും വൈകാരികസംയോജനം കൈവരുത്തുവാൻ നമുക്ക് കഴിയുമോ എന്നതാണ് ആ വെല്ലുവിളി. ആ വെല്ലുവിളി നേരിടാൻ നമുക്ക് കഴിഞ്ഞാൽ ബുദ്ധി ശക്തിയിലും ധനശക്തിയിലും മുൻപന്തിയിൽ നിൽക്കുന്ന 10 ലക്ഷം ജനങ്ങളുടെ സംയോജിപ്പോടുകൂടി കേരളത്തിൽ അജയമായ ഒരു മഹാശക്തി ഉണർന്നെഴുന്നേൽക്കുകയായിരിക്കും."

-മുൻ കേന്ദ്രമന്ത്രി. സി.എം.സ്റ്റീഫൻ

## 2013–14 ലെ കത്തിഡ്രൽ മാനേജിംഗ് കമ്മിറ്റി



(ഇരിക്കുന്നവർ ഇടത്തു നിന്നും : കെ.റ്റി.അലക്സാണ്ടർ, മാത്യു ചെറിയാൻ, കെ.സി.ജോസഫ് (ട്രസ്റ്റി), വികാരി.ഫാ:രാജൻ വർഗ്ഗീസ് സഹവികാരി.ഫാ:ജാൾസൺ പി ജോർജ്ജ്, ബിജു അലക്സാണ്ടർ (സെക്രട്ടറി), മത്തായി വർഗ്ഗീസ്, എ.സി വർഗ്ഗീസ്)

(നിൽക്കുന്നവർ ഇടത്തു നിന്നും : എ.ജി വർഗ്ഗീസ്, എം.സി.ചെറിയാൻ, അലക്സ് ജോർജ്ജ്, പി.കെ.തോമസ്, ഉമ്മൻ ജോർജ്ജ് പി.വർഗ്ഗീസ്, എ.ജി.ജോർജ്ജ്, ഉമ്മൻ ജോസഫ്, അൻസിൽ ജോർജ്ജ് ഏബ്രഹാം)

## 2014–15 ലെ കത്തിഡ്രൽ മാനേജിംഗ് കമ്മിറ്റി



(ഇരിക്കുന്നവർ ഇടത്തു നിന്നും :എൻ.വി ഏബ്രഹാം, കെ.എം.ജോയി, കെ.സി.ജോസഫ്, വർഗീസ് തോമസ് (സെക്രട്ടറി), ഫാ.ജാൾസൺ.പി.ജോർജ്ജ് (സഹവികാരി) ഫാ.രാജൻ വർഗീസ് (വികാരി), കോശി ജോർജ്ജ് (ട്രസ്റ്റി), വി.എം.ചാക്കോ,എം.ഇ അലക്സാണ്ടർ)

(നിൽക്കുന്നവർ ഇടത്തു നിന്നും :ജോജി കുര്യൻ, ഈപ്പൻ വർഗീസ്, സജൻ ജോൺ, ബി.റ്റി വർഗീസ്, എബി അലക്സാണ്ടർ, സാം.പി.മാത്യു മനോജ്.പി.ചെറിയാൻ, റ്റി.സി വർഗീസ്, മാത്യു വർഗീസ്)

## മലങ്കര അസോസിയേഷൻ പ്രതിനിധികൾ

### സഭാ മാനേജിംഗ് കമ്മറ്റി അംഗം


ഡോ. ജിബി ജോർജ്ജ്


സ്റ്റീഫൻ ഐപ്പ്


ഏബ്രഹാം തോമസ്


കോശി ജോർജ്ജ്


പി.കെ. ചെറിയാൻ
(ഭദ്രാസന പ്രതിനിധിയുമാണ്)


ജോർജ്ജ് വർഗ്ഗീസ്


ബാബു അലക്സാണ്ടർ


എബി അലക്സാണ്ടർ

## ഭദ്രാസന പ്രതിനിധികൾ


കെ.സി. ജോസഫ്


മാത്യുവർഗ്ഗീസ്


മാത്യു ചെറിയാൻ


ജിനു ജോർജ്ജ്


ജോസഫ് മാത്യു

## ഓഫീസ് സ്റ്റാഫ്


റെനി ഫിലിപ്പ് (ക്ലർക്ക്)


ജിജു സജി
(പ്രധാന ശുശ്രൂഷകൻ)


എം.വി വർഗ്ഗീസ്


ജോസഫ് ജോൺ



തോമസ് ഏബ്രഹാം


ബാബു വർഗ്ഗീസ്


40 വർഷം പ്രധാന ശുശ്രൂഷകനായി
സേവനമനുഷ്ഠിച്ച് റിട്ടയർ ചെയ്ത
ബാബു വർഗ്ഗീസ്

# ഇടവക പട്ടക്കാർ


**വെരി.റവ. സി.എം.ഫീലിപ്പോസ് റമ്പാൻ**
കോർ എപ്പിസ്കോപ്പാ, ചക്കാലയിൽ


**ഫാ.ഡോ.എം.കെ.തോമസ്**
മലയിൽ, മേലത്തേതിൽ


**ഫാ.എൻ.എസ്.ഫിലിപ്പ്**
നെടുപറമ്പിൽ


**ഫാ.കെ.ജി.ചെറിയാൻ**
കിഴക്കേത്തലയ്ക്കൽ പീടികയിൽ


**ഫാ.മാത്യു തോമസ്**
പുത്തൻപുരയ്ക്കൽ


**ഫാ.കെ.എം.ചെറിയാൻ**
കുന്നേൽ വലിയവീട്


**ഫാ.ഡോ.മാത്യു കോശി**
കിഴക്കേതലയ്ക്കൽ


**ഫാ.തോമസ് ജോസഫ്**
പൈനുംമൂട്ടിൽ


**ഫാ.ബിജു റ്റി.മാത്യു**
തണ്ടപ്രപീടികയിൽ


**ഫാ.ജോൺപോൾ**
പുൽപ്രക്കുഴിയിൽ


**ഫാ.ജോഷ്വാ എബ്രഹാം**
കുന്നുപുറത്ത്


**ഫാ.എബ്രഹാം അലക്സാണ്ടർ**
തറേക്കാട്ട്


**ഫാ.എബ്രഹാം തോമസ്**
കുറ്റിയിൽ


**ഫാ.തോമസ് വർഗ്ഗീസ്**
കടവിൽ

പത്തനാപുരം മൗണ്ട് താബോർ
മഠം അംഗം


**സിസ്റ്റർ. ഷൈനോ**
അരക്കനാട്ടിൽ, പിരളശ്ശേരി

# വാങ്ങിപ്പോയ ഇടവകപട്ടക്കാർ



**തോമാ കത്തനാർ**
കിഴക്കേതലയ്ക്കൽ



**പത്രോസ് കത്തനാർ**
ആലുംമൂട്ടിൽ



**വെരി.റവ.ജോർജ്ജ് വർഗ്ഗീസ് കോർഎപ്പിസ്കോപ്പ**, പറമ്പിൽ



**യോഹന്നാൻ കത്തനാർ**
കുറ്റിയിൽ



**ഫാ.കെ.കെ ജോസഫ്**
കിഴക്കേതലയ്ക്കൽ പീടികയിൽ

**ഫാ.ഇടിക്കുള ജോസഫ് കത്തനാർ**
അയിരുക്കുഴിയിൽ

**ഡീക്കൻ.എ.ഒ ഉമ്മൻ**
ആലുംമൂട്ടിൽ

**തുമ്പമൺ മന്ദിരം മുൻ സുപ്പീരിയർ**



**സിസ്റ്റർ മറിയം**
കിഴക്കേതലയ്ക്കൽ



**2013 ഒക്ടോബർ 20 ന് നിര്യാതനായ മുൻവികാരി
വന്ദ്യ.മിഖായേൽ ഗബ്രിയേൽ ഏബ്രഹാം കോർ എപ്പിസ്കോപ്പ**



*Left to Right:* *Mar Koorilose, Daniel Mar Philoxenose, Mar Athanasius, Mar Ivaniose, Mar Gregoriose(Pampady), Mar Theemothiose, Paulose Mar Philoxenose, H.H. the Catholicose, Mar Juliose(Delegate), Mar Greegoriose, Mar Dionysius, Mar Cleemis, Mar Severiose, Mar Theodosius, Mar Osthatheose.*

1958 ൽ ഓർത്തഡോക്സ് - യാക്കോബായ സഭകൾ ഒന്നായപ്പോൾ
പുത്തൻകാവ് അസോസ്സിയേഷൻ എടുത്ത ഫോട്ടോ

# മലങ്കരസഭാ സ്വാതന്ത്ര്യം ഉയർത്തിപ്പിടിച്ച മാർത്തോമ്മാ ആറാമനും മാർത്തോമ്മാ എട്ടാമനും

## ആമുഖം

*പുത്തൻകാവിൽ കൊച്ചുതിരുമേനിയെ കൂടാതെ പുത്തൻകാവിൽ കബറടങ്ങിയിരിക്കുന്ന രണ്ട് മെത്രാപ്പോലീത്തന്മാരാണ് മാർത്തോമ്മാ ആറാമനും മാർത്തോമ്മാ എട്ടാമനും. ഇതിൽ മാർത്തോമ്മാ ആറാമൻ 1808-ലും മാർത്തോമ്മാ എട്ടാമൻ 1816-ലും കാലംചെയ്തു.*

*മാർത്തോമ്മാ ആറാമൻ മാർ ദീവന്നാസിയോസ് എന്ന പേരിൽ അന്ത്യോഖ്യൻ പിതാക്കന്മാരാൽ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട ആളാണ്. അദ്ദേഹം മഹാനും പ്രഗത്ഭനും മലങ്കരസഭയെ നയിച്ചിട്ടുള്ള ശ്രേഷ്ഠ പിതാക്കന്മാരുടെ മുൻനിരയിൽ ഏറ്റവും ശ്രേഷ്ഠനായി നിലകൊള്ളുന്ന ആളുമാണ്. മാർത്തോമ്മാ ആറാമന്റെ പിൻഗാമിയുടെ (മാർത്തോമ്മാ ഏഴാമന്റെ) പിൻഗാമിയായി പട്ടമേറ്റ് 1812 മുതൽ 1816 വരെ മലങ്കരസഭയെ നയിച്ച പിതാവാണ് മാർത്തോമ്മാ എട്ടാമൻ. ഒരു പ്രത്യേക സാഹചര്യത്തിൽ മലങ്കര സഭാ ചരിത്രത്തിൽ പ്രത്യേക സ്വാധീനം ഉറപ്പിക്കുകയും തന്റേതായ സംഭാവന നൽകുകയും ചെയ്തിട്ടുള്ള ആളാണ് മാർത്തോമ്മാ എട്ടാമൻ. ഈ രണ്ടു പിതാക്കന്മാരെക്കുറിച്ചും ചുരുക്കം കാര്യങ്ങൾ പരാമർശിക്കാൻ മാത്രമേ ഈ ലേഖനത്തിലൂടെ ഉദ്ദേശിക്കുന്നുള്ളൂ.*



ഫാ. ഡോ. എം. ഒ. ജോൺ

### പ്രതിസന്ധികളെ അഭിമുഖീകരിച്ച വലിയ മാർ ദീവന്നാസിയോസ്

മലങ്കരസഭാചരിത്രത്തിൽ The Great എന്ന ഒരു വിശേഷണം അഥവാ തലക്കെട്ട് ദീവന്നാസിയോസ് ഒന്നാമനല്ലാതെ വേറെ ആർക്കും നൽകപ്പെട്ടിട്ടില്ല. അദ്ദേഹത്തെപ്പോലെയോ അദ്ദേഹത്തോടൊപ്പമോ കഴിവുള്ള പിതാക്കന്മാർ മലങ്കരസഭാചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ അവരിൽനിന്നൊക്കെ വ്യത്യസ്തനായി മഹാൻ അഥവാ വലിയവൻ അഥവാ The Great എന്നുള്ള പേരിന് അവകാശിയായി തീർന്ന ആളാണ് ക്രിസ്താബ്ദം 1808-ൽ കാലം ചെയ്ത് പുത്തൻകാവിൽ കബറടങ്ങിയിരിക്കുന്ന വലിയ മാർ ദീവന്നാസിയോസ്. നാലു ഭാഗങ്ങളിൽനിന്നും ഒരുപോലെ ഒരുതലത്തിൽ അല്ലെങ്കിൽ വേറൊരു തലത്തിലുള്ള പ്രതിസന്ധികളെ അഭിമുഖീകരിച്ച് അതിലൊക്കെ പതറാതെ നിന്ന മഹാനാണ് ദീവന്നാസിയോസ് ഒന്നാമൻ. അതുകൊണ്ടാണ് അദ്ദേഹം വലിയവൻ അല്ലെങ്കിൽ മഹാൻ എന്ന പേരിന് അർഹനായിത്തീർന്നത്. അദ്ദേഹത്തെക്കുറിച്ച് പ്രധാനമായും നാലു കാര്യങ്ങൾ അനുസ്മരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

1. വലിയ മാർ ദീവന്നാസിയോസ് ജീവിച്ചിരുന്ന ചരിത്രപശ്ചാത്തലം, 2. വലിയ മാർ ദീവന്നാസിയോസിന്റെ കാലത്തെ മലങ്കര അന്ത്യോഖ്യൻ ബന്ധവും അതിന്റെ പ്രത്യാഘാതങ്ങളും, 3. വലിയ മാർ ദീവന്നാസിയോസിന്റെ റോമൻ കത്തോലിക്കാ സഭാബന്ധം, 4. സ്വന്തം സമുദായത്തിൽനിന്ന് വലിയ മാർ ദീവന്നാസിയോസിന് അഭിമുഖീകരിക്കേണ്ടി വന്ന ചില പ്രശ്നങ്ങൾ.

### വലിയ മാർ ദീവന്നാസിയോസ് ജീവിച്ചിരുന്ന ചരിത്ര പശ്ചാത്തലം

വലിയ മാർ ദീവന്നാസിയോസിനെക്കുറിച്ച് ശരിയായി പഠിക്കണമെങ്കിൽ അദ്ദേഹം ജീവിച്ചിരുന്ന ചരിത്ര പശ്ചാത്തലം അറിഞ്ഞിരിക്കേണ്ടതാവശ്യമാണ്. നാലാം നൂറ്റാണ്ടുമുതലെങ്കിലും മലങ്കരസഭയ്ക്ക് പേർഷ്യൻ സഭയുമായി ബന്ധമുണ്ടായിരുന്നു പേർഷ്യൻസഭ പുരാതന പേർഷ്യൻ സാമ്രാജ്യത്തിലെ സഭയാണ്. മാർത്തോമ്മാശ്ലീഹായാണ് അവിടെയും സഭ സ്ഥാപിച്ചതെന്ന് പേർഷ്യൻ സഭാ പാരമ്പര്യം അവകാശപ്പെടുന്നു. പേർഷ്യ എന്നു പറയുന്നത് ഇന്നത്തെ ഇറാൻ ഇറാഖ് തുടങ്ങിയ രാജ്യങ്ങളാണ്. 7,8,10 നൂറ്റാണ്ടുകളിലൊക്കെ പേർഷ്യൻസഭയും മലങ്കരസഭയും തമ്മിലുള്ള ബന്ധം വളരെ ശക്തമായിരുന്നുവെന്ന് ചരിത്രരേഖകൾ



ആറാം മാർത്തോമ്മാ



എട്ടാം മാർത്തോമ്മാ

തെളിയിക്കുന്നു. പേർഷ്യൻസഭ അന്ത്യോഖ്യൻ സുറിയാനി സഭയല്ല. പേർഷ്യയിലെ സഭയും അന്ത്യോഖ്യൻ സുറിയാനിസഭയും രണ്ടു വ്യത്യസ്ത സഭകളാണ്. രണ്ട് പാരമ്പര്യങ്ങളും വ്യത്യസ്തമായ ആരാധനാരീതികളും വിശ്വാസവും പുലർത്തുന്ന സഭകളാണവ. അഞ്ചാം നൂറ്റാണ്ടു മുതൽ പേർഷ്യൻസഭ നെസ്തോറിയൻ വിശ്വാസം സ്വീകരിച്ചു.

1498-ൽ വാസ്കോഡിഗാമാ കേരളത്തിലെത്തി. അതിനെ തുടർന്ന് പോർട്ടുഗീസ്, റോമൻ കത്തോലിക്കാ മിഷണറിമാരും കേരളത്തിലെത്തി. അവർ കണ്ടത് പേർഷ്യൻ സഭയുമായി ബന്ധത്തിലുള്ള, പേർഷ്യൻ പാത്രിയർക്കീസിന്റെ പേർ വി.കുർബ്ബാനയിൽ ഓർക്കുന്ന, പേർഷ്യൻ ആരാധനാപാരമ്പര്യങ്ങൾ അനുഷ്ഠിക്കുന്ന, കിഴക്കൻ സുറിയാനി ഭാഷയിൽ ആരാധിക്കുന്ന, പേർഷ്യൻസഭയുടെ വിശ്വാസം വെച്ചുപുലർത്തുന്ന മലങ്കരസഭയെയാണ്. ഈ സഭയെ റോമൻ കത്തോലിക്കാ സഭയുമായി ബന്ധപ്പെടുത്തി പേർഷ്യൻ പാത്രിയർക്കീസിന്റെ അധികാരത്തിൽനിന്ന് വിടർത്തി റോമാപാപ്പായുടെ ആധിപത്യത്തിൻകീഴിൽ കൊണ്ടുവരുവാനുള്ള നീക്കമാണ് പോർട്ടുഗീസുകാരും ഇവിടെ വന്ന റോമൻ കത്തോലിക്കാ മിഷണറിമാരും നടത്തിയത്. അവരുടെ ശ്രമത്തിന്റെ പാരമ്യമാണ് ഉദയംപേരൂർ സുന്നഹദോസിൽ കാണുന്നത്. 1599ൽ കൂടിയ ഉദയം പേരൂർ സുന്നഹദോസ് മലങ്കരസഭയുടെ പേർഷ്യൻസഭാബന്ധം വിഛേദിക്കുകയും റോമൻ കത്തോലിക്കാ സഭാബന്ധവും റോമാ പാപ്പായുടെ ആധിപത്യവും ഔദ്യോഗികമായി അംഗീകരിക്കുകയും ചെയ്തു. 1599 മുതൽ 1653 വരെയുള്ള 54 വർഷങ്ങൾ മലങ്കരസഭ പൂർണ്ണമായും റോമൻ സഭാ ആധിപത്യത്തിൻകീഴെ നിലനിന്നു. ഇക്കാലഘട്ടത്തിൽ റോമൻ സഭയുടെ സ്വാധീനത്താൽ പേർഷ്യൻസഭയുടെ വിശ്വാസാചാരങ്ങൾക്കെതിരെ ശക്തമായ പ്രചരണങ്ങൾ സഭയിലുണ്ടായി. ഇതുമൂലം പേർഷ്യൻസഭാവിശ്വാസം കഠിനമായ വേദവിപരീതമാണെന്ന ബോധം സഭാംഗങ്ങളിലുണ്ടായി. അതേസമയംതന്നെ റോമൻ ആധിപത്യത്തോടുള്ള ശക്തമായ എതിർപ്പും രൂപംകൊണ്ടു. ആ എതിർപ്പിന്റെ പാരമ്യമാണ് 1653-ലെ കൂനൻകുരിശ് സത്യത്തിൽ കാണുന്നത്. കൂനൻ കുരിശ് സത്യത്തോടെ സഭ രണ്ടായി പിളർന്നു. ഒരുവിഭാഗം റോമാ ആധിപത്യത്തിൽതന്നെ നിലനിന്നു. മറ്റേവിഭാഗം തോമാ അർക്കദിയാക്കോന്റെ നേതൃത്വത്തിൽ റോമുമായി എതിർത്തുനിന്നു. റോമുമായി എതിർത്തുനിന്നവർക്ക് മെത്രാന്മാർ ഉണ്ടായിരുന്നില്ല. ആ കുറവ് പരിഹരിക്കാൻ ആ വിഭാഗത്തിന്റെ നേതാവായിരുന്ന തോമാ അർക്കദിയാക്കോനെ മാർത്തോമ്മാ ഒന്നാമൻ എന്ന പേരിൽ മെത്രാൻസ്ഥാനത്തേക്കുയർത്തി. മാർത്തോമ്മാ ഒന്നാമന്റെ നേതൃത്വത്തിലുള്ള സഭാവിഭാഗം അന്ത്യോഖ്യൻ സുറിയാനിസഭയിൽപ്പെട്ട യറുശലേമിലെ ഗ്രീഗോറിയോസ് എന്ന മെത്രാൻ മലങ്കരയിൽ വന്നതോടെ 1665 മുതൽ അന്ത്യോഖ്യൻ യാക്കോബായ സുറിയാനിസഭയുമായുള്ള ബന്ധത്തിൽ പ്രവേശിച്ചു. അന്ത്യോഖ്യൻ സഭയുമായുള്ള ബന്ധത്തിൽ പ്രവേശിച്ചെങ്കിലും ഭരണപരമായ സ്വാതന്ത്ര്യം നിലനിർത്താൻ ഈ വിഭാഗം ശ്രദ്ധിച്ചിരുന്നു. മാർത്തോമ്മാ ഒന്നാമനു (1653-1685) ശേഷം പിൻഗാമികളായി മാർത്തോമ്മാ രണ്ടാമൻ (1685-1686) മൂന്നാമൻ (1686-1688) നാലാമൻ (1688-1728) എന്നിവരുണ്ടായി. റോമൻ കത്തോലിക്കാ സഭയിൽനിന്ന വിഭാഗത്തെ വിദേശത്തുനിന്നെത്തിയ മെത്രാന്മാരും സഭാനേതാക്കന്മാരും നയിച്ചുകൊണ്ടിരുന്നു. ഈ അവസരത്തിൽ പ്രത്യേക ശ്രദ്ധ ആകർഷിക്കുന്ന രണ്ട് കാര്യങ്ങളുണ്ട്.

~ഒന്ന് മലങ്കരസഭയുടെ പുരാതന സഭാബന്ധം - അതായത് നാലാം നൂറ്റാണ്ടുമുതൽ 16-ാം നൂറ്റാണ്ടുവരെയുള്ള ദീർഘമായ പന്ത്രണ്ട് നൂറ്റാണ്ട് കാലത്തെ ബന്ധം - പേർഷ്യൻ സഭയുമായിട്ടായിരുന്നു. എന്നാൽ റോമൻ സഭാ ബന്ധത്തിൽ പ്രവേശിച്ചതുമുതൽ പേർഷ്യൻ സഭാബന്ധം ഉപേക്ഷിച്ചു എന്നുമാത്രമല്ല പേർഷ്യൻ സഭയുമായുള്ള ബന്ധംതന്നെ ഒരു മഹാ അപരാധമായി മലങ്കര സഭയിൽ എല്ലാവരും കണക്കാക്കി. കൂനൻകുരിശ് സത്യത്തിനുശേഷം സഭ രണ്ടായി പിളർന്നു. രണ്ട് വിഭാഗവും ഒരുപോലെ പേർഷ്യൻ സഭാബന്ധം നിഷിദ്ധമായി കരുതി. അന്ത്യോഖ്യൻ സഭയുമായി ബന്ധത്തിൽ പ്രവേശിച്ചപ്പോഴും പേർഷ്യൻസഭയുമായുള്ള ബന്ധം ശരിയായിട്ടുള്ളതല്ല എന്ന ചിന്ത കൂടുതൽ ശക്തമായതേ ഉള്ളു.

രണ്ടാമത്തെ കാര്യം സമുദായം രണ്ടായി പിളർന്നെങ്കിലും ഇരുവിഭാഗത്തിലും പെട്ട ആളുകൾ എല്ലാ കാര്യങ്ങളിലും അങ്ങോട്ടു മിങ്ങോട്ടുമുള്ള സഹകരണം നിലനിർത്തിപോരുന്നു. പരസ്പരം കുർബ്ബാന സംസർഗ്ഗവും വിവാഹം തുടങ്ങിയ കൂദാശകളിലുള്ള ബന്ധവും യാതൊരു പ്രശ്നവുമില്ലാതെ തുടർന്നും നിലനിന്നുപോന്നു. ഒരുസഭയിൽ തന്നെയുള്ള രണ്ട് വിഭാഗങ്ങൾ എന്ന ചിന്തയായിരുന്നു ഇന്നാട്ടുകാർക്ക് ഉണ്ടായിരുന്നത്. എന്നാൽ വിദേശികളായ റോമാക്കാരും യാക്കോബായക്കാരുമായ നേതൃത്വം പരസ്പര സഹകരണത്തെ എതിർത്തു. ഇതാണ് ദീവന്നാസിയോസ് ഒന്നാമൻ സ്ഥാനം ഏൽക്കുന്നതിനു മുമ്പുള്ള ചരിത്ര പശ്ചാത്തലം. അന്ത്യോഖ്യൻ സഭാബന്ധം പരാമർശിക്കുമ്പോൾ ഇത് കുറേക്കൂടി വ്യക്തമാകും.





### *വലിയ മാർ ദീവന്നാസിയോസിന്റെ കാലത്തെ മലങ്കര അന്ത്യോഖ്യൻ ബന്ധവും അതിന്റെ പ്രത്യാഘാതങ്ങളും*

അന്ത്യോഖ്യൻ സുറിയാനി സഭയിൽനിന്ന് 1665-ൽ വന്ന യറുശലേമിലെ ഗ്രീഗോറിയോസ് 1671-ൽ നിര്യാതനായി. അതിനുശേഷം 1685-ൽ പ.യൽദോ മാർ ബസേലിയോസ്, മാർ ഈവാനിയോസ് എന്നിവർ വന്നു. ബസേലിയോസ് രണ്ടാഴ്ചക്കുള്ളിൽ കാലം ചെയ്തു. കോതമംഗലത്ത് കബറടക്കി ഈവാനിയോസ് 1694-ൽ മാർത്തോമ്മാ നാലാമന്റെ ഭരണ കാലത്ത് കാലം ചെയ്തു. അതിനുശേഷം ഇവിടെ അന്ത്യോഖ്യൻ സഭാപിതാക്കന്മാരാരും ഉണ്ടായിരുന്നില്ല. മാർ ഈവാനിയോസ് ആണ് നാലാം മാർത്തോമ്മായെ വാഴിക്കുന്നത്. അന്ത്യോഖ്യൻ സുറിയാനിസഭയുടെ ആരാധനയും പാരമ്പര്യങ്ങളും ചിട്ടയായും ക്രമമായും മലങ്കരസഭയിൽ നടപ്പാക്കാൻ ഏറ്റവും കൂടുതൽ യത്നിച്ച ഒരാളാണ് മാർ ഈവാനിയോസ്.

ഈവാനിയോസ് നിര്യാതനായി പതിനഞ്ചു വർഷത്തിനുശേഷം 1708-ൽ പേർഷ്യൻസഭയിൽനിന്നുള്ള മാർ ഗബ്രിയേൽ മലങ്കരയിലെത്തി. നാലാം മാർത്തോമ്മായുടെ ഭരണകാലമായിരുന്നു അത്. ഗബ്രിയേലിന്റെ ആഗമനം സുറിയാനിസഭയിലെ സമാധാനവും ശാന്തതയും താറുമാറാക്കി. ജനങ്ങൾ രണ്ടുകക്ഷികളായി തിരിഞ്ഞു. ഒട്ടനവധി പള്ളികളിൽ ഗബ്രിയേലിന് അനുയായികളുണ്ടായി. 22 പള്ളിക്കാർ പൂർണ്ണമായും ഗബ്രിയേലിന്റെ കൂടെകൂടി. നാലാം മാർത്തോമ്മായുടെ ഭരണത്തിന് സമാന്തരമായി ഗബ്രിയേലിന്റെ നേതൃത്വത്തിൽ ഒരു ഭരണം രൂപമെടുത്തു. കോട്ടയം ചെറിയപള്ളിയിൽ താമസിച്ച് ഗബ്രിയേൽ സമീപപ്രദേശങ്ങളിലേക്ക് സ്വാധീനം വ്യാപിപ്പിച്ചു. പരദേശത്തുനിന്നു വരുന്നവർ ആരായാലും അയാൾ തനിക്കുണ്ടെന്നു പറയുന്ന പദവിയും അതിലധികവും വകവെച്ചുകൊടുക്കുന്നതിനു നസ്രാണികളിൽ ചിലർക്കുണ്ടായിരുന്ന താൽപര്യം ഗബ്രിയേൽ മുതലാക്കി. ഗബ്രിയേലിന്റെ ശല്യം തീർക്കുന്നതിനും വൈദികർ ഉൾപ്പെടെ പല പ്രധാനികളും ഒട്ടധികം ആളുകളും അയാളുടെ പിന്നാലെ പോയതുമൂലം വന്നുകൂടിയ കുഴപ്പങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനും വേണ്ട സഹായങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട് മാർത്തോമ്മാ നാലാമൻ 1709-ലും 1720-ലും ഓരോ കത്തുകൾ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പേർക്കയച്ചു. പ്രയോജനം ഒന്നുമുണ്ടായില്ല. നാലാം മാർത്തോമ്മാ, മാർത്തോമ്മാ അഞ്ചാമനെ പിൻഗാമിയായി വാഴിച്ചശേഷം 1728-ൽ നിര്യാതനായി. കണ്ടനാട്ട് പള്ളിയിൽ അദ്ദേഹത്തെ അടക്കി. മാർത്തോമ്മാ നാലാമനും, അതിനുശേഷം അഞ്ചാമനും നിത്യശല്യക്കാരനായിരുന്ന ഗബ്രിയേൽ 1731-ൽ മരിച്ചു. കോട്ടയം ചെറിയപള്ളിയിൽ അദ്ദേഹത്തെ അടക്കി.

ഗബ്രിയേലിന്റെ ശല്യം തീർന്നെങ്കിലും മാർത്തോമ്മാ അഞ്ചാമന്റെ സ്ഥാനവും അധികാരവും അംഗീകരിക്കാൻ സഭയിൽ ഒരു വലിയ വിഭാഗം തയ്യാറായില്ല. ഗബ്രിയേലിന്റെ കൂടെ കൂടിയവർ മാർത്തോമ്മാ അഞ്ചാമന് പണ്ടേ എതിരായിരുന്നു. അദ്ദേഹത്തിന് അന്ത്യോഖ്യയിൽനിന്ന് ആരും വന്ന് പട്ടംകൊടുത്തിട്ടില്ല അതുകൊണ്ട് പട്ടത്വത്തിന് ന്യൂനതയുണ്ട് എന്ന് പറഞ്ഞ് വേറൊരു കൂട്ടരും മാർത്തോമ്മാ അഞ്ചാമനെ എതിർത്തു. സാധുവല്ലാത്ത പട്ടം പേറിനടക്കുന്ന ആളാണ് മാർത്തോമ്മാ മെത്രാനെന്ന് റോമൻ കത്തോലിക്കരും പരിഹസിച്ചു. സുറിയാനി ക്രിസ്ത്യാനികളിൽതന്നെ ഒരു കൂട്ടർ മാർത്തോമ്മാ മെത്രാന്റെ സ്ഥാനം സാധുവല്ല അദ്ദേഹത്തെ അനുസരിക്കില്ല എന്ന് ഡച്ചുകമ്പനിക്കാരുടെ അടുക്കൽ പരാതി ബോധിപ്പിച്ചു. കൊച്ചി രാജാവും ഇത്തരുണത്തിൽ വഴക്കിൽ ഇടപെട്ട് ഒരു അപേക്ഷ അന്ത്യോഖ്യാപാത്രിയർക്കീസിന്റെ പേർക്കയച്ചു.

അക്കാലത്ത് അന്തോണിയോസ് എന്ന ഒരു അന്ത്യോഖ്യൻ സുറിയാനി ശെമ്മാശ്ശൻ കച്ചവടത്തിനായി കൊച്ചിയിലെത്തി. അഞ്ചാം മാർത്തോമ്മാ അദ്ദേഹത്തെ പള്ളിക്കര പള്ളിയിൽ വരുത്തി സംസാരിച്ചു. അന്തോണിയോസിന്റെ നിർദ്ദേശമനുസരിച്ച് മാർത്തോമ്മാ അഞ്ചാമൻ, പണ്ഡിതനായ ഒരു മേൽപട്ടക്കാരനെ അയച്ചുതരണമെന്നാവശ്യപ്പെട്ട് പാത്രിയർക്കീസിന്റെ പേർക്ക് ഒരു കത്തെഴുതി. അദ്ദേഹത്തെ ഏൽപിച്ചു. കത്ത് കിട്ടിയ ഗീവർഗീസ് പാത്രിയർക്കീസ് (1745-1768) ഉടനെതന്നെ അനുകൂലമായി പ്രതികരിച്ചു. പാത്രിയർക്കീസ് സക്രുള്ള എന്ന ആൾക്ക് ബസ്സേലിയോസ് എന്ന പേരിൽ മഫ്രിയാനാസ്ഥാനം നൽകി യരുശലേമിന്റെ മാർ ഗ്രിഗോറിയോസ്, മൂസൻകാരൻ മാർ ഈവാനിയോസ് തുടങ്ങിയവരുമൊന്നിച്ച് മലങ്കരയിലേക്കയച്ചു. അഞ്ചാം മാർത്തോമ്മായെ ദീവന്നാസിയോസ് എന്ന പേരിൽ മലങ്കരയുടെ മെത്രാനായി വാഴിക്കുവാനുള്ള സ്താതിക്കോൻ നൽകി അധികാരപ്പെടുത്തിയും മൂറോനും സൈത്തും കൊടുത്തുമാണ് മെത്രാന്മാരുടെ സംഘത്തെ പാത്രിയർക്കീസ് മലങ്കരയിലേക്ക് വിട്ടത്. അവർ 1751-ൽ ഒരു ഡച്ചു കപ്പലിൽ കൊച്ചി തുറമുഖത്തെത്തി. അവരെ സ്വീകരിച്ച് കണ്ടനാട്ടേക്ക് കൊണ്ടുവരുവാൻ മാർത്തോമ്മാ അഞ്ചാമന്റെ കത്തുമായി വൈദികരും വലിയസംഘം ജനങ്ങളും തുറമുഖത്തെത്തി. കപ്പൽക്കൂലി 12,000 രൂപാ കൊടുക്കണമെന്ന് കമ്പനിക്കാർ ആവശ്യപ്പെട്ടു. അതുകൊടുക്കാഞ്ഞ മെത്രാൻസംഘത്തെ തടഞ്ഞുവെച്ചു. മാർത്തോമ്മാ അഞ്ചാമനിൽനിന്നും തുക ഈടാക്കുവാൻ ക്രിമിനൽ കേസുതന്നെ എടുത്തു. അറസ്റ്റ് പേടിച്ച് മാർത്തോമ്മാ മെത്രാൻ കൊച്ചി രാജ്യത്ത് പ്രവേശിക്കാതെയിരുന്നു. തിരുവിതാംകൂർ രാജാവ് ഇടപെട്ട് അവരുമായി സംസാരിച്ചു. പള്ളിക്കാർ കൂടി പണം പിരിച്ചു നൽകി. മെത്രാന്മാർ സ്വതന്ത്രരായി കണ്ടനാട്ടെത്തി.

മാർത്തോമ്മാ അഞ്ചാമന് വീണ്ടും പട്ടം കൊടുക്കുവാനാണ് ശക്രുള്ളാ ബാവായുടെ നേതൃത്വത്തിലുള്ള സംഘം ശ്രമിച്ചത്. പാത്രിയർക്കീസിന്റെ അനുമതിയില്ലാതെ വ്യാജമായാണ് മാർത്തോമ്മാ അഞ്ചാമൻ സ്ഥാനമേറ്റിരിക്കുന്നത്. ശരിയായ കൈവെപ്പില്ലാ എന്നൊക്കെ എതിരാളികളോടൊപ്പം മെത്രാൻസംഘവും ആക്ഷേപിച്ചു. എന്നാൽ മാർത്തോമ്മാ അഞ്ചാമൻ അതിനെ ഒക്കെ പുച്ഛിച്ചു തള്ളി. രണ്ടാമത് സ്ഥാനം ഏൽക്കേണ്ടതില്ല എന്ന നിലപാടിൽ ഉറച്ചുനിന്നു. മാർത്തോമ്മാ വഴങ്ങുന്നില്ല എന്നു കണ്ടപ്പോൾ മെത്രാൻസംഘവും പാത്രിയർക്കീസും ചുവടുമാറ്റി. 1754-ൽ പരസ്പരം ഉടമ്പടിയുണ്ടാക്കി. ഉടമ്പടിക്കുശേഷം 1761-ൽ മാർത്തോമ്മാ അഞ്ചാമൻ സ്വന്തം അനന്തരവനെ മാർത്തോമ്മാ ആറാമൻ എന്ന പേരിൽ ഇവിടെയുണ്ടായിരുന്ന അന്ത്യോഖ്യാക്കാരെ ആരെയും സംബന്ധിപ്പിക്കാതെയും അവരോടാലോചിക്കാതെയും സ്വന്തം നിലയിൽ പിൻഗാമിയായി വാഴിച്ചു ബസ്സേലിയോസ് ശക്രുള്ള 1764-ൽ കണ്ടനാട്ടുവെച്ചും അഞ്ചാം മാർത്തോമ്മാ

1765-ൽ നിരണത്തുവെച്ചും കാലംചെയ്തു.

### *മാർത്തോമ്മാ ആറാമന്റെ ശക്തമായ നിലപാടും സ്ഥാനാരോഹണവും*

1765 മുതൽ മലങ്കരസഭയുടെ പൂർണ്ണ അധികാരമുള്ള മെത്രാനായി മാർത്തോമ്മാ ആറാമൻ ഭരിച്ചുവരുമ്പോൾ അദ്ദേഹം വീണ്ടും സ്ഥാനമേൽക്കണമെന്നുള്ള നിബന്ധന ഇവിടെയുണ്ടായിരുന്ന സുറിയാനിക്കാരായ ഗ്രീഗോറിയോസും ഈവാനിയോസും മുമ്പോട്ടുവെച്ചു. എന്നാൽ മാർത്തോമ്മാ ആറാമൻ വഴങ്ങിയില്ല. മാർത്തോമ്മാ ആറാമൻ സർക്കാരിൽ "അടിയറ" തീർന്നു പ്രീതിനേടിയ ആളായിരുന്നതുകൊണ്ട് അദ്ദേഹം മഹാശക്തനായിരുന്നു. രാജാധികാരിയെ മുഖംകാണിച്ചു പ്രത്യേക അധികാര അവകാശങ്ങൾ വാങ്ങുമ്പോൾ വെയ്ക്കുന്ന കാഴ്ചയാണ് അടിയറ. അടിയറ തീർത്തു പ്രീതി വാങ്ങിയത് മാർത്തോമ്മാ ആറാമന്റെ ദീർഘദൃഷ്ടിയും തന്ത്രജ്ഞതയും പ്രകടമാക്കുന്ന ഒരു നടപടിയായിരുന്നു. അങ്ങനെ അടിയറ തീർത്തു പ്രത്യേക അധികാരാവകാശങ്ങൾ നേടിയ ആളായിരുന്നതുകൊണ്ട് മാർത്തോമ്മാ ആറാമനുമായി സഖ്യത്തിൽ വരാൻ വിദേശമെത്രാന്മാർ തയ്യാറായി.

"മാർത്തോമ്മാ മെത്രാൻ സർക്കാരിൽ അടിയറ തീർന്നു പ്രീതിവരുത്തിയുംകൊണ്ടു ബാവാന്മാരോട് ചേർന്നു സഭാകാര്യങ്ങൾ അന്വേഷിപ്പാൻ തുടങ്ങിയതു തന്നെയല്ല തമ്മിൽ ഏകോൽഭവിച്ചു പോകുന്നതിനുവേണ്ടി മല്പാൻമാരു മുതലായവരോട് ആലോചിച്ചും കല്ലുചേരിൽ പള്ളിയിൽവെച്ചു മാർ ഈവാനിയോസ് എപ്പിസ് കോപ്പയുമായും കണ്ട് തമ്മിലുള്ള മുഷിച്ചിലിനെ പറഞ്ഞുതീർന്നു, എന്നാറെ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായും മാർ ഈവാനിയോസ് എപ്പിസ്കോപ്പായുംകൂടെ 945 (1770) മിഥുനമാസം 29-ാം തീയതി ഈ ആറാമത്തെ മാർത്തോമ്മാ മെത്രാനെ മാർ ദീവന്നാസിയോസ് എന്ന സ്ഥാനപ്പേരുംകൊടുത്ത് മലങ്കരയ്ക്ക് പൂർണ്ണ അധികാരമുള്ള മെത്രാപ്പോലീത്താ ആയിട്ട് നിരണത്തുവെച്ചു വാഴിച്ചു. അന്ത്യോഖ്യയിൽനിന്നു കൊണ്ടുവന്നിട്ടുള്ള വടിയും മുടിയും സ്ലീബായും സ്താത്തിക്കോനും മൂറോൻ മുതലായതും മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായ്ക്ക് കൊടുക്കുകയും ചെയ്തു. തമ്പുരാന്റെ മനോഗുണത്താൽ ഇതുവരെയുണ്ടായിരുന്ന വഴക്കുകൾ ഒക്കെ തീർന്നു ഏകോൽഭവിച്ചും......." എന്ന് ഇട്ടൂപ്പ് രേഖപ്പെടുത്തിയിരിക്കുന്നു.

ഇവിടെ മാർത്തോമ്മാ ആറാമനെ ദീവന്നാസിയോസ് എന്ന പേരിൽ മലങ്കരയ്ക്ക് പൂർണ്ണ അധികാരമുള്ള മെത്രാപ്പോലീത്തായായി വാഴിച്ചുവെന്നാണ് പറഞ്ഞിരിക്കുന്നത്. അദ്ദേഹത്തിന് രണ്ടാമത് മെത്രാൻസ്ഥാനം കൊടുത്തു എന്നുപറയാൻ സാധിക്കില്ല. ദീവന്നാസിയോസ് എന്ന പേരിൽ അദ്ദേഹത്തെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തി എന്നു പറയുന്നതായിരിക്കും ഏറെ ശരി. മെത്രാനായിരുന്ന അദ്ദേഹത്തെ മലങ്കരയിലാകമാനം അധികാരമുള്ള മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്കുയർത്തി എന്നു പറയുന്നതാണ് മാർത്തോമ്മാ എട്ടാമന്റെ വിവരണമനുസരിച്ച് മാർത്തോമ്മാ ആറാമന് രണ്ടാമത് പട്ടംകൊടുത്തു എന്നു പറയുന്നതിനേക്കാൾ ശരിയായിട്ടുള്ളത്. അദ്ദേഹത്തെ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തിയതുകൊണ്ടാണ് മാർത്തോമ്മാ ഒന്നാമൻ മുതലുള്ള ആളുകളെ മെത്രാന്മാരെന്ന് വിളിച്ചിരുന്നപ്പോൾ മാർത്തോമ്മാ ആറാമനെ (ദീവന്നാസിയോസ്) മെത്രാപ്പോലീത്താ എന്ന് ചരിത്രകാരന്മാർ വിളിച്ചിരിക്കുന്നത്.

1875-ൽ പത്രോസ് പാത്രിയർക്കീസ് ഇവിടെ വന്നപ്പോൾ നവീകരണക്കാരിൽനിന്ന് പട്ടമേറ്റ ചില വൈദികർക്ക് രണ്ടാമത് പട്ടം കൊടുത്തു എന്നു പറയുന്നവരുണ്ട്. നവീകരണ മെത്രാന്മാരിൽനിന്ന് പട്ടമേറ്റിട്ടുള്ള ചിലർക്ക് പത്രോസ് പാത്രിയർക്കീസ് ബാവാ കോറി സ്ഥാനം കൊടുത്തതായി കേട്ടിട്ടുണ്ട്.......... "സാധുവായ കത്തനാരുപട്ടം ഉള്ളവർക്കുതന്നെയും കൊടുക്കാറുപതിവുള്ള കോറി സ്ഥാനം കൊടുത്തതായിട്ടാണ് അറിവ്..........." എന്ന് പ.വട്ടശ്ശേരിൽ തിരുമേനി വട്ടിപ്പണക്കേസിൽ മൊഴികൊടുത്തിട്ടുണ്ട്. നവീകരണ മെത്രാന്മാർ കൊടുത്ത പട്ടം അസാധുവായിരുന്നുവെന്ന് ലോകരെ ധരിപ്പിക്കുന്നതിന് വീണ്ടും പട്ടംകൊടുക്കുന്നു എന്ന ഭാവത്തിൽ കോറി സ്ഥാനം കൊടുത്ത് കാര്യം കാണുകയായിരുന്നു പത്രോസ് തൃതീയൻ ചെയ്തത്. ഇതു തന്നെയായിരിക്കണം ആറാം മാർത്തോമ്മായെ ദീവന്നാസിയോസ് ഒന്നാമൻ എന്ന സ്ഥാനനാമത്താൽ ഉയർത്തിയപ്പോഴും സംഭവിച്ചത്. എന്തായാലും ദീവന്നാസിയോസ് എന്ന നാമം സ്വീകരിച്ച് മലങ്കരസഭ മുഴുവൻ മേലും അധികാരം പ്രാപിച്ച മാർത്തോമ്മാ ആറാമൻ കൂടുതൽ ശക്തനായി. സർക്കാരിൽ അടിയറ തീർന്ന് അധികാരാവകാശങ്ങൾ നേടിയതുമൂലം അദ്ദേഹത്തിന് പൊതു അംഗീകാരവും ലഭിച്ചു. റോമൻ കത്തോലിക്കാ സഭയിൽ ചേർന്ന് ഭിന്നിച്ചുനിന്ന മലങ്കരസഭാ വിഭാഗത്തെ യോജിപ്പിച്ച് ഒരു സഭയാക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ അടുത്ത ശ്രമം

> പാത്രിയർക്കീസ് സക്രള്ള എന്ന ആൾക്ക് ബസ്സേലിയോസ് എന്ന പേരിൽ മഫ്രിയാനാസ്ഥാനം നൽകി യരുശലേമിന്റെ മാർ ഗ്രിഗോറിയോസ്, മൂസൻകാരൻ മാർ ഈവാനിയോസ് തുടങ്ങിയവരുമൊന്നിച്ച് മലങ്കരയിലേക്കയച്ചു. അഞ്ചാം മാർത്തോമ്മായെ ദീവന്നാസിയോസ് എന്ന പേരിൽ മലങ്കരയുടെ മെത്രാനായി വാഴിക്കുവാനുള്ള സ്താതിക്കോൻ നൽകി അധികാരപ്പെടുത്തിയും മൂറോനും സൈത്തും കൊടുത്തുമാണ് മെത്രാന്മാരുടെ സംഘത്തെ പാത്രിയർക്കീസ് മലങ്കരയിലേക്ക് വിട്ടത്.

### *വലിയ മാർ ദീവന്നാസിയോസിന്റെ റോമൻ കത്തോലിക്കാ സഭാബന്ധം*

കൂനൻകുരിശിങ്കൽവെച്ച് പിരിഞ്ഞ് റോമാനുകത്തിൽപ്പെട്ട സഹോദരങ്ങളെ കൂടെയോജിപ്പിച്ച് നസ്രാണി ജാതിയെ ഒന്നാക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പരമപ്രധാനമായ ലക്ഷ്യം." അതിനുവേണ്ടി മാർ ദീവന്നാസിയോസ് പ്രയത്നിച്ചു. കേരളത്തിൽ അന്നുണ്ടായിരുന്ന റോമൻ കത്തോലിക്കാ ബിഷപ്പുമാരുമായി അദ്ദേഹം രഹസ്യമായും പരസ്യമായും ബന്ധപ്പെട്ടു അവർ തിരിച്ചും ബന്ധപ്പെട്ടു. ഇരുപതാം നൂറ്റാണ്ടിൽ മലങ്കരയിലെ സീറോ മലബാറുകാരും (റോമൻ കത്തോലിക്കർ) മലങ്കര ഓർത്തഡോക്സ് സഭക്കാരും തമ്മിൽ വിവാഹബന്ധമോ കൂദാശാബന്ധമോ ഒന്നുമില്ല.എന്നാൽ വലിയ മാർ ദീവന്നാസിയോസിന്റെ കാലത്ത് (പതിനെട്ടാം നൂറ്റാണ്ടിലെ) സ്ഥിതി അങ്ങനെയായിരുന്നില്ല.

ഒരു കുടുംബത്തിൽപ്പെട്ടവർ തന്നെ ഇരുസഭാവിഭാഗങ്ങളിലും ഉണ്ടായിരുന്നു. പരസ്പരം വിവാഹ ബന്ധത്തിൽ ഏർപ്പെടുന്നതിന് തടസ്സമൊന്നുമുണ്ടായിരുന്നില്ല. രണ്ടുഭാഗത്തെയും വൈദികർ തവണ മുറയ്ക്ക് കർമ്മങ്ങൾ നടത്തുന്ന പള്ളികളും ധാരാളമുണ്ടായിരുന്നു. കേണൽ മൺറോയുടെ ഭരണകാലത്ത് കോട്ടയം വലിയപള്ളിയും പിറവം പള്ളിയും റോമാസഭയുടെയും യാക്കോബായ സഭയുടെയും കൂട്ടുകൈവശത്തിലിരിക്കുകയായിരുന്നു. ആലപ്പുഴയും ചങ്ങനാശ്ശേരിലിയിലുമുള്ള പള്ളികൾ നിരണം ഇടവകപള്ളിയുടെ കുരിശു പള്ളികളായിരുന്നു. ഏതെങ്കിലും ഒരുകൂട്ടർ അന്യരാണെന്ന ധാരണ ഇരുഭാഗത്തിലും ആർക്കും ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഇരുവിഭാഗവും ഐക്യപ്പെടുന്നതിൽ അസ്വാഭാവികത ഒന്നുമുണ്ടായിരുന്നില്ല. ആ പശ്ചാത്തലത്തിൽ ഇരുവിഭാഗവും പരസ്പരം ചർച്ചകൾ നടത്തി. പാത്രിയർക്കീസോ പാപ്പായോ ആര് പരമാദ്ധ്യക്ഷനായാലും സമുദായത്തിന്റെ ഐക്യവും ആഭ്യന്തര ഭരണകാര്യങ്ങളിലെ സ്വാതന്ത്ര്യവും ആയിരുന്നു പ്രധാനം.

സമുദായം ഒന്നാകുന്നതിനേക്കുറിച്ചുള്ള ആലോചനകൾ പല തലത്തിലും നടന്നു. 1778-ൽ യൂറോപ്പിലേക്ക് പോയ കരിയാറ്റിൽ മല്പാനും പാറേമ്മാക്കലച്ചനും ഇക്കാര്യം സംബന്ധിച്ചു വേണ്ടതു ചെയ്യുവാൻ ദീവന്നാസിയോസ് അവരെ ചുമതലപ്പെടുത്തി. അവർ റോമിലും പോർട്ടുഗലിലുമെത്തി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി. അവർ തിരിച്ചെത്തിയശേഷം പ്രാദേശികതലത്തിൽ പല ചർച്ചകളും സംവാദങ്ങളും നടന്നു. ഒത്തുതീർപ്പ് വ്യവസ്ഥകൾ പലതും ദീവന്നാസിയോസിന് അംഗീകരിക്കാവുന്ന തരത്തിലുള്ളവയായിരുന്നില്ല. അദ്ദേഹം യോജിപ്പിന് എതിർപ്പ് പ്രകടിപ്പിച്ചു. എങ്കിലും റോമൻ സമ്മർദ്ദവും തിരുവിതാംകൂർ ഭരണാധികാരികളുടെ സമ്മർദ്ദവും ഏറിവന്നു. അന്നത്തെ റോമൻ കത്തോലിക്കാ നേതാവായിരുന്നു തയ്യിൽ മാത്തുതരകൻ. ദീവന്നാസിയോസിനെ എങ്ങനെയെങ്കിലും റോമാസഭയിൽ ചേർക്കണമെന്ന് ദൃഢനിശ്ചയം ചെയ്ത ആളായിരുന്നു അദ്ദേഹം. ഇതിനിടെ തിരുവിതാംകൂർ ഭരണാധികാരികൾ മാറി. അവർ തരകന്റെ പ്രേരണയാൽ നിരണം, ചെങ്ങന്നൂർ, പുത്തൻകാവ് ഈ മൂന്നു പള്ളികൾ കണ്ടുകെട്ടുകയും 12500 രൂപാ കെട്ടിവെയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അവിടങ്ങളിലെ സഭാംഗങ്ങളെ പലവിധത്തിൽ പീഢിപ്പിച്ചു. ചെങ്ങന്നൂർ പള്ളിയുടെ പൂജാപാത്രങ്ങൾ പിടിച്ചെടുത്തു. സാമ്പത്തിക സമ്മർദ്ദവും മാനസിക പീഢയും മെത്രാപ്പോലീത്തായ്ക്ക് സഹിക്കാവുന്നതിലേറെയായിരുന്നു. ചർച്ചകൾകൊണ്ടും സമ്മർദ്ദങ്ങൾകൊണ്ടും പ്രയോജനമില്ലാ എന്നു കണ്ടപ്പോൾ തരകൻ ആയുധപാണികളായ പടയാളികളോടുകൂടെ വന്ന് മെത്രാപ്പോലീത്തായെയും സുറിയാനി സമുദായ പ്രധാനന്മാരിൽ പലരെയും ബന്ധനസ്ഥരാക്കി ആലപ്പുഴയ്ക്ക് കൊണ്ടുപോയി. അവിടെ തുടർച്ചയായി പല ദിവസം പട്ടിണികിടന്ന് വലഞ്ഞപ്പോൾ മെത്രാൻ ഒരു ഉടമ്പടിക്ക് ഒപ്പുവെയ്ക്കുവാൻ നിർബന്ധിനായി തീർന്നു. തന്മൂലം "എട്ടാം അർബൻ പാപ്പാ പൗരസ്ത്യർക്കായി നിശ്ചയിച്ചിരുന്ന വിശ്വാസ തത്വങ്ങളെയും" പാപ്പായുടെ മേലധികാരത്തെയും "ഉദയംപേരൂർ സുന്നഹദോസ് നിശ്ചയങ്ങൾ അനുസരിച്ചുള്ള കുർബ്ബാന, നമസ്ക്കാരം, നോമ്പ്, മുതലായ കർമ്മാചാരങ്ങളെയും" മെത്രാപ്പോലീത്താ സ്വീകരിക്കേണ്ടതായി വന്നു. തതനുസാരം അദ്ദേഹം 1799 ഇടവം മുപ്പതാം തീയതി തത്തം പള്ളി റോമാപള്ളിയിൽ വി.കുർബ്ബാന അനുഷ്ഠിച്ചു.

ഈ സംഭവം നടന്ന് രണ്ടാഴ്ചയ്ക്കകം ദക്ഷിണ തിരുവിതാംകൂറിലെ ഹിന്ദുക്കളുടെ ഒരു ലഹളയെ അമർച്ച ചെയ്യുന്നതിനായി മാത്തുതരകൻ തിരുവനന്തപുരത്തേക്ക് പോകേണ്ടിവന്നു. പ്രസ്തുത ലഹളയ്ക്ക് കാരണം തരകന് കുത്തകയായിരുന്ന ഉപ്പിന്റെ വില നിസീമമായി വർദ്ധിപ്പിച്ചതായിരുന്നു. വഴിമദ്ധ്യേ അദ്ദേഹം രോക്ഷാകുലരായ ജനാവലിയുടെ കയ്യിൽ അകപ്പെടുകയും അവർ അദ്ദേഹത്തെ കഠിനമായി മർദ്ദിക്കുകയും ഒരു ചെവി മുറിച്ചെടുത്ത് ചില ചെടികളുടെ ഇലകൾ കൂടിയിട്ട് ഉപ്പുകൂടാതെ വേവിച്ച് അയാളെ തീറ്റിക്കുകയും ചെയ്തു. രാജാവ് ഇതിനു പകരമായി അദ്ദേഹത്തിന് ഒരു സ്വർണ്ണചെവി സമ്മാനിച്ചുവെങ്കിലും ഇതോടുകൂടി അദ്ദേഹത്തിന്റെ അധഃപതനം ആരംഭിച്ചു. തരകന്റെ അപ്രതീക്ഷിതമായ അധഃപതനം മൂലം മാർ ദീവന്നാസിയോസിന് ആലപ്പുഴ നിന്ന് രക്ഷ പ്രാപിച്ച് നിരണത്തെത്തുന്നതിന് സാധിച്ചു. അദ്ദേഹം റോമാവിശ്വാസാനുസരണം കുർബ്ബാന അനുഷ്ഠിച്ചതിന് പരസ്യമായി ക്ഷമായാചന ചെയ്യുകയും സ്വന്തംചെലവിൽ സഭയിലുള്ള സകല പള്ളികളിലും പാപമോചനത്തെ ഉദ്ദേശിച്ച് കുർബ്ബാന ചൊല്ലിക്കുകയും ചെയ്തു (ഇ.എം.ഫിലിപ്പ്, മാർത്തോമ്മാശ്ലീഹായുടെ ഇന്ത്യൻ സഭ, പേജ് 180). മലങ്കരസഭയുടെ ഐക്യമായിരുന്നു മാർ ദീവന്നാസിയോസിന്റെ ലക്ഷ്യം. എന്നാൽ ദീവന്നാസിയോസിനെ പൂർണ്ണമായി കീഴ്പ്പെടുത്തി റോമാവഴക്കത്തിൽ കൊണ്ടുവരാനാണ് റോമൻ കത്തോലിക്കാസഭാവിഭാഗം ശ്രമിച്ചത്. അവരിൽനിന്ന് പലവിധ പീഢക്കളുണ്ടായെങ്കിലും ദീവന്നാസിയോസ് തന്ത്രപൂർവ്വം രക്ഷപ്രാപിച്ചു.

### *സ്വന്തം സമുദായത്തിൽനിന്ന് വലിയ മാർ ദീവന്നാസിയോസ് അഭിമുഖീകരിക്കേിവന്ന പ്രശ്നങ്ങൾ*

അന്ത്യോഖ്യൻസഭാബന്ധം നിലനിർത്തണമെന്ന് അന്ധമായി ആഗ്രഹിച്ചിരുന്ന ഒരുവിഭാഗം ആളുകൾ മലങ്കരസഭയിലുണ്ടായി. അതുപോലെ തന്നെ പകലോമറ്റം കുടുംബവാഴ്ചയെ എതിർക്കുന്ന ഒരു വിഭാഗവും ഇക്കാലമായപ്പോഴേയ്ക്കും സഭയിൽ പ്രബലമായി വന്നു. തോഴിയൂർ മെത്രാന് പട്ടംകൊടുക്കുക വഴി മലങ്കരസഭയെ ഭിന്നിപ്പിച്ച്




പുത്തൻകാവ് പള്ളിയുടെ
വിശുദ്ധ മദ്ബഹായുടെ
വടക്കു വശത്ത് സ്ഥിതി ചെയ്യുന്ന
6-ാം മർത്തോമ്മായുടെ കബറിടം